# ആത്മപോഷിണി

| പുസ്തകം ൧. | ൧൦൮൮ കുംഭം | ലക്കം ൧൧. |
|---|---|---|


## മംഗളം.

സാമം പാടും ദ്വിജക്കും, പശുഹതി പതിവായ് ചെയ്യു ചണ്ഡാലകക്കും,
നേമം പ്രാപഞ്ചികക്കും, വിഷയവിമുഖരായുള്ള സന്ന്യാസിമാൎക്കും
ക്ഷേമം നന്നായി നൽകിസ്സകലദിശി സദാ പൂൎണ്ണമായുജ്ജ്വലിക്കും
ധാമം, സ്വാനന്ദസാന്ദ്രം കുശലമനിശമീമാസികക്കേകിടട്ടേ!

—വള്ളത്തോൾ ഗോപാലമേനോൻ.

## ബാബു രവീന്ദ്രനാഥടാഗോറുടെ കവിത.

### I

'പെയിൻ' ഇങ്ങിനെ പറയുന്നു:— "ഒരു ചിത്രമോ ഒരു കവിതയോ— എന്നില്ല, കലാവിദ്യകളിൽപെട്ട യാതൊന്നും തന്നെ, ഒരു പ്രത്യേകവ്യക്തിയല്ല. അതുണ്ടായിത്തീൎന്നത് എന്തെല്ലാററിൽനിന്നോ, എന്തെല്ലാംകൊണ്ടാണോ അതു വിവരിക്കപ്പെടുന്നത്, ആ സകല സംഗതികളും നല്ലപോലെ ധരിച്ചുകഴിഞ്ഞാൽ മാത്രമേ അതു മനസ്സിലാവുകയുള്ളൂ. കലാവിദ്യയെ സംബന്ധിച്ചതോരോന്നും ഓരോ പ്രത്യേകവൎഗ്ഗത്തിൽ— എന്നു വെച്ചാൽ അതിനേക്കാൾ മഹത്തും ഉൽകൃഷ്ടവും ആയ പലേ സംഗതികളുടേയും കൂടിയ ഒരു യോജിപ്പിൽ— ചേൎന്നു നിൽക്കുന്നു. എന്നല്ല അതിന്റെ നിൎമ്മാതാവിന്റെ നിലയും ഒരിക്കലും തനിച്ചല്ല. അദ്ദേഹവും അതേവിധം തന്നെ ഒരു പ്രത്യേകവൎഗ്ഗത്തിൽ ഉൾപ്പെടുന്നു"; അതിനാൽ, ഏതെങ്കിലും ഒരു മഹാകവിയെപ്പററി പൎയ്യാലോചിക്കുമ്പോൾ, അദ്ദേഹത്തിന്നു പരമ്പരയായി കിട്ടിപ്പോന്നിട്ടുള്ള ഐതിഹ്യവിശേഷങ്ങളും, അദ്ദേഹത്തിന്റെ കവിതാരീതി ഏവയിൽ നിന്നുത്ഭവിച്ചുവോ ആ സ്ഥിതികളും സംഗതികളും അതിന്റെ ജീവനായി നിൽക്കുന്നതെന്തോ അതും വേണ്ടവിധം നോക്കിയറിയേണ്ടതാണെന്നു വരുന്നു.

ഹിന്തുക്കളുടേതുപോലെ അത്രയും മഹത്തും അത്രയും സൎവ്വതോമുഖവുമായ ഒരു പരിഷ്കൃതസാഹിത്യത്തിൽ കടന്ന്, അതിലുള്ള കവിതാസമ്പ്രദായങ്ങളെ എടുത്തു തരംതിരിക്കുക എന്ന കാൎയ്യം വിശേഷിച്ചും ശ്രമാവഹമാണ്. എന്നാൽ രവീന്ദ്രനാഥൻ ഉൾപ്പെട്ടിട്ടുള്ള ആ ഒരു പ്രത്യേകകവിതാരീതിക്കാക്ക് സ്വന്തമായി ചില വിശേഷതകളെല്ലാം തെളിഞ്ഞുനിൽക്കുന്നതുകൊണ്ട്, അങ്ങിനെയൊരു വൎഗ്ഗത്തെ തിരിച്ചുനിൎത്തുന്നതിന്നു വലിയ പ്രയാസമൊന്നുമില്ല. അതിനാൽ ആ തരക്കാൎക്ക്– ജയദേവനാൽ ഏൎപ്പെടുത്തപ്പെട്ടതും വിദ്യാപതിയാൽ പരിഷ്ക്കരിക്കപ്പെട്ടതുമായ ആ ഒരു കവിതാരീതിയെ പിന്തുടരുന്നവൎക്ക്— മാത്രമായി ചില വൈശിഷ്ട്യങ്ങളുള്ളവയെ ഒന്നാമതായി നമുക്കു പൎയ്യാലോചിച്ചു നോക്കാം— അതേ, വൃന്ദാവനത്തിൽവെച്ചുള്ള ശ്രീകൃഷ്ണന്റെ അനശ്വരമായ രാസക്രീഡയെ പിടിച്ചു പാടിക്കൊണ്ടിരുന്ന വൈഷ്ണവകവിശ്രേഷ്ഠന്മാരുടെ കൂട്ടത്തിൽ ഒടുവിലത്തെ ആളാണ് രവീന്ദ്രനാഥടാഗോർ.

* * * * *

സമുദ്രം പോലെ പരന്നുകിടക്കുന്ന ഹൈന്ദവജനസമുദായത്തിന്നിടയിൽ ക്രിസ്താബ്ദം ൧൩-ാം ൧൪-ാം ൧൫-ാം നൂററാണ്ടുകാലങ്ങളിൽവെച്ചുണ്ടായ മഹത്തും അഭ്യുദയോന്മുഖവുമായ പരിവൎത്തനത്തിൽ രണ്ടു പ്രത്യേകതരം തത്വമാൎഗ്ഗങ്ങൾ പ്രത്യക്ഷപ്പെടുന്നു. അത് എല്ലാ പ്രത്യേകവൎഗ്ഗക്കാരുടേയും ഇടയിൽ വ്യാപരിച്ചിരുന്നതായി കാണുന്നുണ്ട്: അവയെ വളരെ പരത്തിപ്പറയുകയാണെങ്കിൽ, ജ്ഞാനയോഗമെന്നും ഭക്തിയോഗമെന്നും നാമകരണം ചെയ്യാം, ഒരു ഭാഗക്കാർ മോക്ഷത്തിന്നുള്ള ഏകമാൎഗ്ഗം ജ്ഞാനമാണെന്നു— ചിദാത്മകമായ ബ്രഹ്മത്തെക്കുറിച്ചുള്ള അറിവാണെന്നു വിചാരിക്കുന്നു; മറെറ ഭാഗക്കാർ, അജ്ഞേയനായ ഈശ്വരൻ അനുഭവപ്പെടുന്നതിന്ന് അവിടത്തെപ്പേരിലുള്ള ഹൃദയപൂൎവ്വമായ ഭക്തിയെ ഏകസാധനമായി സങ്കല്പിക്കുന്നു. ഈ ഒടുവിൽ പറഞ്ഞതിനെയാണ് ദ്വൈതം എന്ന മതഭേദമായി വ്യവഹരിച്ചു വരുന്നത്; ഇന്ത്യയിൽ മററു പ്രദേശങ്ങളിലെന്നപോലെ തന്നെ, ഈ ദ്വൈതമതം വളരെക്കാലം മുമ്പു മുതൽക്കേ പ്രചരിച്ചുവന്നു. ബുദ്ധമതത്തിന്റെ പ്രചാരം ജ്ഞാനയോഗത്തിന്നുണ്ടായ വിജയത്തെ കാണിക്കുന്നു; എന്നാൽ പിന്നീടു ബുദ്ധമതവും ഹിന്തുമതവും തമ്മിൽ കൂടിച്ചേൎന്നുണ്ടായ മതവിശേഷത്തിൽ ഈ രണ്ടു തത്വമാൎഗ്ഗങ്ങളും ശൈവമതമെന്നും വൈഷ്ണവമതമെന്നും ഉള്ള രണ്ടു പേരിൽ പ്രത്യക്ഷപ്പെട്ടു. വൈഷ്ണവമതം ഭക്തിയോഗത്തെ സിദ്ധാന്തിക്കുന്നു; അതിൽപെട്ട ഭക്തിയെക്കുറിച്ചാണ് നമ്മുടെ തന്നെ ഒരു മഹാകവി ഇങ്ങിനെ പാടിയിരിക്കുന്നത്:—

'ഭക്തികൊണ്ടു ഭക്തന്മാരും നിന്നാലത്ഭുതം!
ശക്തികൊണ്ടു ശക്തന്മാരും ജയിക്കപ്പെടുന്നുവല്ലോ.'

വൈഷ്ണവമതം അതിനാൽ മനസ്സിനെയല്ല ഹൃദയത്തെയാണ് സംബന്ധിക്കുന്നത്— ബുദ്ധിയെയല്ല, വികാരത്തെയാണ്. അതിനാൽ, അതിനെ സംബന്ധിക്കുന്ന കവിതകളും വികാരങ്ങളെ ഇളക്കിത്തീൎക്കുന്നു— ഭക്തികൊണ്ടുള്ള ആനന്ദത്തേയും ദിവ്യമായ പ്രേമത്തിന്റെ മാഹാത്മ്യത്തേയും, അതേവിധം, അഭിമാനിമായ ഫൽഗുനനേയും സാധുവായ രജകസ്ത്രീയേയും ഒരേവി

ധം ഗണിക്കുന്ന ഈശ്വരൻെറ മായാവിശേഷത്തേയും അവ വെളിപ്പെടുത്തുന്നു. അതിനാൽ, ധ്യാനപരങ്ങളായ തിരുക്കുറൾ ശിവാനന്ദലഹരി എന്നിവയോട്, ഏററവും അകന്നു നില്ക്കുന്ന വൈഷ്ണവന്മാരുടെ കവിതാഗ്രന്ഥങ്ങൾ. രവീന്ദ്രനാഥൻ എല്ലാം കൊണ്ടും ഒരു വൈഷ്ണവനാണ്; അതുകൊണ്ട് അദ്ദേഹത്തിൻെറ കവിതാരീതിയെ മനസ്സിലാക്കുന്നതിന്നു വൈഷ്ണവമതത്തിന്നുള്ള വൈശിഷ്ട്യങ്ങളെന്തെല്ലാമെന്നും, അതിൻെറ ഉത്ഭവം എങ്ങിനെ അതിൻെറ സിദ്ധാന്തങ്ങൾ എന്തെല്ലാമെന്നും കുറച്ചു സവിസ്തരമായി നാം പരിശോധിച്ചറിയേണ്ടിയിരിക്കുന്നു.

ജയദേവനാണ് അതിനെ പ്രതിഷ്ഠിച്ചു പരിഷ്കരിച്ചതെന്നു പറയാം. സർ എഡ്വിൻ ആർനോൾഡ്, ഇന്ത്യയിലെ പാട്ടുകളിൽ വെച്ചു മേലേക്കിടയിലുള്ള പാട്ടാണെന്നു പറഞ്ഞിട്ടുള്ള അദ്ദേഹത്തിൻെറ സുപ്രസിദ്ധമായ ഗീതഗോവിന്ദത്തെപ്പററി ഞാനൊന്നും പറയേണ്ടതില്ല. ആ അമൃതമയമായ കവിതാവിശേഷത്തെ ഹൃദയപൂർവ്വം ആസ്വദിക്കാത്ത പണ്ഡിതന്മാരില്ല. എല്ലാക്കാലത്തും എല്ലാ രാജ്യത്തുമുണ്ടായിട്ടുള്ള കവിശ്രേഷ്ഠന്മാരിൽ ഒരു മാന്യസ്ഥാനമാണ് ജയദേവരാൽ അലങ്കരിക്കപ്പെടുന്നത്! കാളിദാസൻ, ഷെക്സ്പിയർ, ഷെല്ലി, ഹ്യൂഗൊ എന്നവരുടെ കൂട്ടത്തിൽ അദ്ദേഹവും ഗണിക്കപ്പെടുന്നു.

ബങ്കാളിയായിരുന്നു എങ്കിലും ജയദേവർ കവിതയെഴുതിയിട്ടുള്ളത് സംസ്കൃതത്തിലാണ്: എന്നാൽ അദ്ദേഹത്തിൻെറ പിൻഗാമികളായ വിദ്യാപതിയും ചണ്ഡിദാസരും തങ്ങളുടെ കൃതികൾ നാട്ടുഭാഷയിൽ തന്നെ എഴുതിവന്നു. എഴുത്തച്ഛനും പൂന്താനവും — രണ്ടുപേരും വലിയ വൈഷ്ണവന്മാർതന്നെ — നമ്മുടെ മലയാളഭാഷാസാഹിത്യത്തെ ഏതുവിധം പ്രതിഷ്ഠിച്ചുവോ; അതുപോലെ മുൻപറഞ്ഞ വിദ്യാപതിയും ചണ്ഡിദാസരും പരിഷ്കൃതമായ ബംഗാളിഭാഷാസാഹിത്യത്തിൻെറ തറക്കല്ലിട്ടു.

വിദ്യാപതി വലിയ സംസ്കൃതപണ്ഡിതനായിരുന്നു: എങ്കിലും ബംഗാളിയിലെ കീർത്തനകവിതകളിൽ വെച്ച് ഏററവും ഉത്തമമെന്നു സർവ്വരാലും സമ്മതിക്കപ്പെട്ട 'വംഗീയപദാവലി'യാണ് അദ്ദേഹത്തിൻെറ പ്രധാനകവിത. (ഈ പുസ്തകം ഡോക്ടർ കുമാരസ്വാമി പത്ര്യത്രുപമായി ഇംഗ്ലീഷിലെസ്സു ഭംഗിയായി തർജ്ജമചെയ്തു, 10½ഷില്ലിങ്ങ് വിലക്കു ഒരു ന൨൦ കോപ്പികളോളം അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്). 'പദാവലി' പല ഭാഗങ്ങളായി തിരിച്ചിട്ടുണ്ട്. ഒന്നാം ഭാഗത്തിന്നു 'കൃഷ്ണപൂർവ്വരാഗം' എന്നു പറയുന്നു; അതിൽ ആദ്യമായി കൃഷ്ണനനുരാഗം തോന്നിയതിനെ കവി വർണ്ണിക്കുന്നു.

'കളങ്കമററ മെല്ലെന്നു പൊന്തും പൂന്തികൾ പോലവെ
കണ്ടു ഞാനൊരാസാമാന്യസൌഭാഗ്യം പൂണ്ടകന്യയെ'

വിദ്യാപതിയുടെ രാധ ഒരു രത്നസൃഷ്ടിയാണ്; കൃഷ്ണന്ന് അവളിലുള്ള അനുരാഗത്തെ കവി ശക്തിയിൽ വർണ്ണിച്ചിരിക്കുന്നു.

രണ്ടാംഭാഗത്തിന്നു 'രാധാഭയശാന്തി' എന്നു പേരിട്ടിരിക്കുന്നു; അതിൽ കൃഷ്ണനും ദൂതികയുമായുള്ള സംഭാഷണത്തെ കവി വിവരിച്ചിരിക്കുന്നു. രാധയുടെ സൌന്ദര്യ

ത്തെ ദൂതി കൃഷ്ണനോടു വർണ്ണിച്ചുപറയുന്നു:—

'ഒത്തിരിക്കുന്നിതവളിൽ ബാല്യതാരുണ്യവായ്പുകൾ;
കണ്ണുകളോടടുത്തെത്തിയവ തദ്ദീർഘദൃഷ്ടികൾ;
മനം മയക്കുന്നവ താനവൾതന്നുടെ വാക്കുകൾ
മന്ദമാം ചിരിയും—മന്നിൽ വന്നവാർ തിങ്കൾതാനവൾ.

മൂന്നാം ഭാഗം രാധാപൂർവ്വരാഗത്തെ വർണ്ണിക്കുന്നു. രാധ അവളുടെ ചേടിയോടു പറയുന്നു:—

'കണ്ണന്റെ സൌഭാഗ്യമെന്തു ഞാൻ ചൊല്ലിടു-
മാദിവ്യരൂപമിന്നാർക്കു വാഴ്ത്താം?
ഓമൽത്തിരുമേനി നൂതനക്കാർകൊണ്ടൽ
തന്നുടയാടയോ മിന്നലാട്ടം?

പിന്നെത്തെ ഭാഗത്തിൽ, സഖി രാധയ്ക്കു കാമകേളിവൈദഗ്ദ്ധ്യത്തെ ഉപദേശിക്കുന്നു. ഇതിലാണ് വിദ്യാപതി ഏറെ മെച്ചം നേടിയിട്ടുള്ളത്. അതു കഴിഞ്ഞാൽ ഉടനെ രാധാകൃഷ്ണന്മാരുടെ പ്രഥമസമ്മേളനമായി:-

'പ്രേമപ്രഹർഷത്താൽ പുഞ്ചിരിക്കൊണ്ടവൾ
പേർത്തുപുണർന്നൊന്നുമ്മവെച്ചു'

ആദ്യത്തെ പരസ്പരസമാഗമത്താൽ സങ്കുചിതയായി, മേലാൽ തന്നെ കൃഷ്ണന്നടുക്കലേയ്ക്കു കൊണ്ടുചെല്ലരുതെന്നു രാധ ദൂതിയോടു പറയുന്നു.

'ഓളമലയ്ക്കുന്നൊരാമ്പൽസ്സരസ്സുപോ-
ലെൻമെയ്യ് മറയ്ക്കുന്നു പട്ടുവസ്ത്രം
എന്നമ്മേ! ദുഃഖങ്ങളെത്ര പേരേല്ക്കുന്നി-
തെന്തൊന്നുണ്ടാക്കിയീദ്ദുർന്നിശയെ'

ആറാം കാണ്ഡത്തിൽ അഭിസാരികാതപത്തെ കവി വർണ്ണിക്കുന്നു. ബംഗാളിഭാഷാചരിത്രകാരൻ പറയുന്നപോലെ, ഈ ഭാഗം മുഴുവനും വാക്കുകളെക്കൊണ്ടു ഗഹനമായും ഉപമാദ്യലങ്കാരങ്ങളെക്കൊണ്ടു നിറയപ്പെട്ടുമിരിക്കുന്നു. പിന്നെ വരുന്നതു വസന്തവർണ്ണനയാണ്. അതുകഴിഞ്ഞു കവി മാനത്തെ ഈർഷ്യാകോപത്തെ വർണ്ണിക്കുന്നു. കൃഷ്ണൻ ആവലാതി പറയുന്നു:—

'തണ്ടാരുതാൻ മുഖം താമരക്കണ്ണുക-
ളോമനത്തേനല്ലോ ചുണ്ടു രണ്ടും
കോമളപ്പൂക്കളാൽ നിന്നുടൽ നിർമ്മിച്ചു
മാനസമെന്തഹോ! കല്ലുകൊണ്ടായ്'?

മാനാവസാനത്തിലുള്ള സമ്മേളനം ഏറ്റവും മനോഹരവും മധുരതരവുമായി കവി വർണ്ണിക്കുന്നു. ശൃംഗാരകവിതയുടെ പരമകാഷ്ഠ ഇവിടെയാണ്.

ഇതു കഴിഞ്ഞ ശേഷം വിരഹം ആരംഭിക്കുന്നു. കൃഷ്ണനു മധുരയിലേയ്ക്കു പോകേണ്ടതായി വരുന്നു. വിപ്രലംഭത്തിന്റെ പരിപൂർത്തി കാണുന്നതിവിടെയാണ്. ശ്രദ്ധവെച്ചു വായിയ്ക്കുന്നവർക്കു ശാകുന്തളത്തിലെ അദ്വിതീയമായ ആറാമങ്കം ഇവിടെ ഓർമ്മയിൽ വരുന്നു.

പിന്നെ പൂർണ്ണമേളനമായി: രാധാകൃഷ്ണന്മാർ എന്നെന്നേയ്ക്കുമായി കൂടിച്ചേരുന്നു.

'തൂമണം വീശുന്ന മാമ്പൂങ്കുലയ്ക്കൊപ്പ-
മെൻചൂചുകങ്ങൾ ഞാനർപ്പിക്കുന്നു.
മാധവൻ തന്നുപചര്യയിലെന്നുടെ
ജന്മസാഫല്യത്തെ നേടിടും ഞാൻ?

അങ്ങിനെ അവൾ സായുജ്യം പ്രാപിക്കുന്നു.

വിദ്യാപതിയുടെ ഉത്തമകൃതി ചുരുക്കത്തിൽ ഇങ്ങിനെയാണ്. ടാഗോറിന്റെ കൃതികൾ നല്ലവണ്ണം മനസ്സിലാക്കണമെങ്കിൽ വംഗീയപദാവലി നാം ആദ്യമായി പഠിക്കേണ്ടിയിരിക്കുന്നു; കൃഷ്ണൻ എന്നും രാധയെന്നുമുള്ള പേരുകൾ ടാഗോർ പറയുന്നില്ലെങ്കിലും വിദ്യാപതിയുടെ വിചാര

ങ്ങളും ഉപമകളും ഉല്പ്രേക്ഷകളും തന്നെയാണ് അദ്ദേഹവും ഉപയോഗിച്ചു കാണുന്നത്. ഒരുദാഹരണം കാണിക്കാം.—

"പൊറുപ്പില്ലിവനെന്തോ ഉ
ള്ളതിങ്കൽ പ്രേമമേല്പു ഞാൻ
ഊർന്നു കണ്ടുകൂടാതു-
ള്ളതിൻ വസ്ത്രത്തലപ്പിനെ
ചുംബിക്കുവാനതി പ്രേമ-
ത്താലെ തുള്ളുന്നിതെൻമനം.
അഹോ, ദൂരത്തിലാണങ്ങു-
ന്നഹോ, നിൻ കുഴലൊച്ചയോ!"

(ഗാർഡനർ ൭-ാം പദ്യം)

ഗോപകുമാരന്റെ ഓടക്കുഴൽനാദം കേട്ട് ഇളകിത്തീർന്ന രാധയുടെ ഒരു പാട്ടല്ല ഇതെന്ന് എങ്ങിനെ വിശ്വസിക്കും? വേണുനാദവർണ്ണനയും, പ്രേമാധിക്യത്താൽ മനസ്സു ദൂരത്തുള്ള ആ ദേവന്റെ വസ്ത്രത്തുമ്പിനെ ചുംബിക്കാൻ ചെല്ലുന്നതും വൈഷ്ണവന്മാരുടെ വിശ്വാസത്തെ അടിസ്ഥാനമാക്കിയുള്ളതാണ്. ഇതിനെപ്പററി വഴിയെ വിസ്തരിക്കാം.

വിദ്യാപതിയുടേയും അദ്ദേഹത്തിന്റെ പിൻഗാമികളുടേയും കവിത പഠിക്കുമ്പോൾ ഒന്നാമതായി നാം കാണുന്നത്, അതിൽ പരകീയരസത്തിന്നു കൊടുത്തിട്ടുള്ള പ്രാധാന്യമാണ്. പരകീയപ്രേമം ബ്രഹ്മത്തോടുള്ള ഭക്തന്റെ പ്രേമാധിക്യത്തെ സാധാരണ ജീവിതത്തിലുള്ള പ്രണയവുമായി കൂട്ടിച്ചേർക്കുന്നതാണ്; അതിലുള്ള ഭക്തിയും സ്വാർത്ഥരാഹിത്യവും ദിവ്യത്വത്തെ പ്രാപിക്കുന്നു. അതിനാൽ ഭക്തിയായി വൈഷ്ണവന്മാർ പരകീയപ്രേമത്തെ സ്വീകരിച്ചിരിക്കുന്നു. ഒരു ഗോപന്റെ പത്നിയായ രാധ അവതാരപുരുഷനായ കൃഷ്ണനെ സ്നേഹിക്കുന്നു: ജയദേവൻ മുതൽ രവീന്ദ്രൻ വരെയുള്ള എല്ലാ വൈഷ്ണവകവികളും ആ പ്രേമത്തെ വാഴ്ത്തിപ്പാടുന്നു.

രാസക്രീഡ മനുഷ്യസാധാരണമായ അനുരാഗമല്ല. അതു ദിവ്യവും അനശ്വരവുമാണ്. വൃന്ദാവനം മനുഷ്യഹൃദയമാകുന്നു. രാധ അതിലുള്ള ജീവാത്മാവുമാകുന്നു. സംസാരത്തിൽ മുങ്ങിക്കിടക്കുന്ന ജീവാത്മാവു പരമാത്മാവുമായി ഐക്യം പ്രാപിക്കുന്നതിന്ന് അതിയായി ആഗ്രഹിക്കുന്നതിനെയാണ് രാധയുടെ പ്രേമമായി വർണ്ണിക്കുന്നത്. വൈഷ്ണവമതത്തിലെ പ്രധാനഭാഗം ഇതാണ്.

ഈ പ്രേമഭക്തി വിദ്യാപതിയുടെ പിന്നാലെ വന്ന ഗോവിന്ദദാസാദികൾ കുറെക്കൂടി സംസ്കരിച്ചു. ചൈതന്യദേവന്റെ അവതാരത്തോടുകൂടി വൈഷ്ണവമതത്തിന്ന് ഒരു ചൈതന്യം വീണു. ഇങ്ങിനെ ഒരിക്കലും ഭക്തിയോഗത്തിന്നു ബംഗാളിൽ പ്രചാരക്കുറവുണ്ടായിട്ടില്ല.

ടാഗോറിനെ ഇളക്കിത്തീർത്ത മാന്യകവികളുടെ കൂട്ടത്തിൽ ഒരു വലിയ പേർ കൂടി പറയാനുണ്ട്. അതു കബീറെന്ന ആ വൈഷ്ണവമഹമ്മദീയന്റേതാണ്; അദ്ദേഹത്തിന്റെ കവിതകളെ ടാഗോർതന്നെ ഇംഗ്ലീഷിലേക്കു തർജ്ജമ ചെയ്തിരിക്കുന്നു. ഇന്ത്യയിലെ ഈ അടുത്ത കാലത്തുള്ള ഭക്തന്മാരായ കവിശ്രേഷ്ഠന്മാരുടെ കൂട്ടത്തിൽ കബീർ ജയദേവനോടൊത്തു നിൽക്കുന്നു. അദ്ദേഹത്തിന്റെ ഹൃദയം വൈഷ്ണവമതത്തിന്റെ ചൈതന്യത്താൽ പരിപൂർണ്ണമാണ്. അദ്ദേഹത്തിന്റെ കവിതയെ പ

ിഭാഷപ്പെടുത്തിയതുകൊണ്ടു ഗീതാഞ്ജലിയുടെ ആദികർത്താവിനോടു് ടാഗോറിനുള്ള കടമയെ അദ്ദേഹം നിറവേററിക്കഴിഞ്ഞു.

ഒക്സ്ഫോർഡ്.

—ചാലയിൽ മാധവപ്പണിക്കർ.

## വിദ്യാവിതരണത്തിൽ കല്പിതകഥകൾക്കുള്ള സ്ഥാനം.

വിദ്യാഭ്യാസം എന്നതു ബുദ്ധിശക്തിയെ ഉണർത്തുകയും വികസിപ്പിക്കുകയും ദൃഢീകരിക്കുകയും ചെയ്യുന്നതിനുള്ള മാൎഗ്ഗമാണല്ലോ. ജ്ഞാനം, വിജ്ഞാനം എന്നെല്ലാം പറയപ്പെടുന്നവയും വാസ്തവമായ മനഃപരിഷ്കാരം, ബുദ്ധിവികാസം എന്നവയിൽനിന്നു പിരിഞ്ഞിരിക്കുവാൻ നിവൃത്തിയില്ല. കല്പിതകഥകൾ വാസ്തവങ്ങളല്ലാത്തതുകൊണ്ടു് അവയ്ക്കു ജ്ഞാനത്തേയോ, വിജ്ഞാനത്തേയോ പ്രദാനംചെയ്യുന്നതിനു ശക്തിയില്ല. അതുകൊണ്ടു വിദ്യാദാനവിഷയത്തിൽ കല്പിതകഥകൾ ഉൾപ്പെടുന്നില്ല. വാസ്തവതത്വങ്ങൾക്കും സംഭവങ്ങൾക്കും മാത്രമേ വിദ്യാമന്ദിരത്തിൽ പ്രവേശനമുള്ളൂ. ഇങ്ങനെയെല്ലാമാണ് ചില യാളുകൾ അഭിപ്രായപ്പെട്ടു കാണുന്നത്. ഈ അഭിപ്രായത്തിൻെറ സാധുത്വത്തെ നമുക്കൊന്നു ചിന്തിച്ചുനോക്കാം.

കല്പിതകഥകൾ എന്നാലെന്താണ്? സംഭവ്യങ്ങളോ, അസംഭവ്യങ്ങളോ ആയ സംഗതികളെ മനുഷ്യബുദ്ധി സങ്കല്പിച്ചു വെളിപ്പെടുത്തുമ്പോൾ കല്പിതകഥകൾ ഉത്ഭവിക്കുന്നു. യക്ഷികൾ, രാക്ഷസന്മാർ മുതലായ ജീവികൾ നമ്മിൽ അനേകരെ സംബന്ധിച്ചിടത്തോളം വാസ്തവജീവികളല്ല. അവരെ സംബന്ധിച്ചുള്ള കഥകൾ കല്പിതകഥകളുമാണ്. പക്ഷിമൃഗാദികൾക്കു സംസാരശക്തി നൽകി, അവയുടെ പ്രവൃത്തികളെ അടിസ്ഥാനമാക്കി നിൎമ്മിക്കപ്പെടുന്ന നീതികഥകൾ കല്പിതകഥകൾ തന്നെ. ഇവകൂടാതെ കവികളുടെ ബുദ്ധിവൈഭവംമൂലം ഉത്ഭവിക്കുന്ന കാവ്യങ്ങളിൽ പലതും കല്പിതകഥകളത്രെ. അല്ലാതെ ഉണ്ടായിരുന്നാൽ അവയിലധികഭാഗവും കല്പിതലോകത്തിൻെറ പ്രകൃതിവിലാസങ്ങളാണ്.

മനുഷ്യബുദ്ധിക്കു പല അംശങ്ങളും അവയ്ക്കോരോന്നിനും പ്രത്യേകപ്രവൃത്തികളുമുണ്ടു്. എല്ലാ മനുഷ്യൎക്കും ബുദ്ധിശക്തി സമമായോ, ഒരേ പ്രകൃതിയോടു കൂടിയോ ലഭിക്കുന്നില്ല. ഇതുകൊണ്ടല്ലേ, ഒരുത്തൻ ഷേക്സ്പിയറായും മറെറാരുത്തൻ നെപ്പോളിയനായും ജനിക്കുന്നത്? കവിതാവാസന കാളിദാസനും രണശൂരത മാൎത്താണ്ഡവൎമ്മമഹാരാജാവിനും ലഭിച്ചത് അവരുടെ അഭ്യാസവിശേഷം കൊണ്ടല്ല. അഭ്യാസം ജന്മസിദ്ധമായുള്ള ബുദ്ധിവൈഭവത്തെ പോഷിപ്പിക്കുകല്ലേ ചെയ്തുവരുന്നത്? ഒരുത്തൻ തത്വജ്ഞാനി, മറെറാരുത്തൻ സാഹിത്യരസികൻ- ഇങ്ങനെ നാനാ

വിധഭാവങ്ങൾ മനുഷ്യന്, അയാൾ ജനിക്കുമ്പോൾ തന്നെ സിദ്ധിക്കുന്നു. കൂടാതെ, ഒരു മനുഷ്യനുതന്നെ പ്രായഭേദംകൊണ്ടു രസഭേദവും ഉണ്ടാകുന്നതായി കണ്ടുവരുന്നുണ്ട്. ബാലദശയിൽ യക്ഷിദേവതാദിജീവികളുടേയും, "രണ്ടു കണ്ണന്മാരുടേ"യും കഥകളിൽ നമുക്കെത്ര സന്തോഷമുണ്ടായിരുന്നു! പലപ്പോഴും ക്രൂരകളായ യക്ഷികളെ ഭയന്നല്ലേ, രാത്രികാലത്തു നാം ഉറങ്ങുവാനാരംഭിച്ചിട്ടുള്ളത്? സമവയസ്സന്മാരായ ബാലന്മാരോടു കൂടി കഥകൾ പറഞ്ഞും കേട്ടും നമ്മുടെ മനസ്സിനെ തൃപ്തിപ്പെടുത്തുകയും, രാത്രികാലങ്ങളിൽ നിദ്രയിൽ ഞെട്ടിക്കരയുകയും മററും ചെയ്തിട്ടില്ലേ! എന്നാൽ അതുപോലുള്ള രസം പ്രായം കൂടിയ നമുക്ക് ഇമ്മാതിരി കഥകളിലില്ലെന്നുള്ളതു തീർച്ചയാണ്. കുറെക്കൂടെ ഗുരുതരങ്ങളായ കാര്യങ്ങളിലാണല്ലോ നാം ശ്രദ്ധിക്കുന്നത്. എന്നാലും ഇക്കാലത്തു തന്നെ നാം കവിപ്രവീരന്മാരായ മഹാനുഭാവന്മാരുടെ മഹാകൃതികളെ വായിക്കുകയും, അവരുടെ കല്പിതലോകങ്ങളിൽ സുഖമായി ജീവിക്കുകയും ചെയ്യുന്നുണ്ട്.

മേല്പറഞ്ഞ സംഗതികളിൽ നിന്നു തെളിയുന്നതു ബാലമനസ്സിനു കല്പിതകഥകളിൽ അസാധാരണമായ രസമുണ്ടെന്നും, പ്രായം കൂടിയാൽ കഥകളുടെ ഗൌരവവും ഘടനയും സവിശേഷം വളരണമെന്നല്ലാതെ മനുഷ്യബുദ്ധിയുടെ ഒരംശമായി കണ്ടുവരുന്ന ഈ രസാനുഭവശക്തി നശിക്കുന്നതല്ലെന്നുമാണ്.

മനുഷ്യന്റെ വളർച്ചയ്ക്കു നാനാമുഖത്വമുണ്ടല്ലോ. ഇതിനു വാസ്തവസംഗതികളോടും തത്വങ്ങളോടുമുള്ള പരിചയം ആവശ്യമാണ്. എന്നാൽ ഇതു കൂടാതെ പൂർണ്ണങ്ങളായ മാതൃകകൾക്കും നമ്മുടെ വളർച്ചയിൽ വലുതായ ഒരു പങ്കുണ്ട്. ഏതു പൂർണ്ണമാണെന്നു നമുക്കു തോന്നുന്നുവോ, ഏതു നമ്മുടെ മനസ്സിനെ നിശ്ശേഷമായി അപഹരിക്കുന്നുവോ, ഏതു നമ്മുടെ വികാരങ്ങളെ ഇളക്കി നമ്മെ ഉത്സാഹഭരിതരാക്കി മേൽക്കുമേൽ പൂർണ്ണതയിലേയ്ക്കു നമ്മെ നടത്തുന്നുവോ, അതിനു നമ്മുടെ വിദ്യാഭ്യാസത്തിൽ ഉയർന്ന ഒരു സ്ഥാനം നല്കേണ്ടതാണ്.

വാസ്തവസംഭവങ്ങൾ പ്രായേണ മാതൃകകളായി സ്വീകരിക്കുന്നതിനു തക്ക യോഗ്യതയുള്ളവയല്ല. പൂർണ്ണങ്ങളും അത്ഭുതകരങ്ങളുമായവസ്തുവാണ് ചേതോവികാരങ്ങളെ ഉണർത്തുന്നതിനു ശക്തിയുള്ളത്; അവ കല്പിതലോകത്തിലത്രേ സ്ഥിതിചെയ്യുന്നതും. അതുകൊണ്ടു കല്പിതകഥകൾക്കു നമ്മുടെ വിദ്യാഭ്യാസത്തിൽ ഒരു സ്ഥാനം ലഭിക്കുന്നു.

## II

പക്ഷെ കല്പിതകഥകൾ വിദ്യാഭ്യാസക്രമത്തിൽ വ്യവസ്ഥപ്പെടുത്തുന്നതും ഉപയോഗിക്കുന്നതും ദോഷകരമാണെന്നു വാദിക്കുന്നവരും ഇല്ലാതില്ല. ജ്ഞാനസമ്പാദനത്തിനാരംഭിക്കുന്ന ബാലന്റെ മനസ്സിൽ വ്യാജങ്ങളോ, വാസ്തവങ്ങളെന്നു തീർച്ചപ്പെടാത്തവയോ ആയ തത്വങ്ങളേയും സംഗതികളേയും നിക്ഷേപിക്കുന്നതായിരുന്നാൽ അവ ചളിയിൽ താഴ്ന്നുപോകുന്ന ഇരുമ്പുപോലെ മനസ്സിൽ പതിഞ്ഞുപോകുമെന്നും, ഒരു കാലത്ത് അവ വ്യാജങ്ങളെന്ന് അവർക്ക് ബോധപ്പെട്ടാലും ബാല്യത്തിൽ

മനസ്സിലുറച്ച വിശ്വാസം മാറ്റുവാൻ സാധിക്കുകയില്ലെന്നുമാണ് ഇക്കൂട്ടരുടെ വാദം. ഇതു കാൎയ്യമായി കണക്കാക്കേണ്ട വാദമാണ് താനും. ഭയങ്കരരൂപികളും ക്രൂരരും മനുഷ്യോപദ്രവികളുമായ പിശാചുക്കളെന്ന ഒരുതരം ജീവികളെ സംബന്ധിച്ച് ആൎക്കെങ്കിലും ചെറുപ്രായത്തിൽ വിശ്വാസം ജനിച്ചാൽ, ആ വിശ്വാസം വിടുക എത്ര പ്രായംചെന്നാലും എളുപ്പമല്ലെന്ന് അനുഭവം തെളിയിക്കുന്നുണ്ടല്ലോ. എത്ര തന്നെ അറിവോ, ആലോചനാശക്തിയോ, വൎദ്ധിച്ചാലും അബദ്ധമായ ഈ വിശ്വാസം ആ മനുഷ്യനെ സദാ ഉപദ്രവിച്ചുകൊണ്ടിരിക്കും. രാത്രികാലങ്ങളിൽ നാമെന്താണ് ശ്മശാനഭൂമികളുടെ സാമീപ്യത്തെ നിവൃത്തിയുള്ളേടത്തോളം പരിഹരിക്കുന്നത്? അത്യാവശ്യം പ്രമാണിച്ചു ശ്മശാനഭൂമികൾക്കു സമീപെ സഞ്ചരിക്കേണ്ടി വരുമ്പോൾ നമ്മുടെ ഹൃദയം വല്ലാതെ ചലിക്കാറില്ലേ? ഇതിന്റെയെല്ലാം കാരണമെന്താണ്? ഇങ്ങനെയുള്ള സംഗതികൾ ആലോചിക്കുമ്പോൾ, കപടങ്ങളോ വ്യാജനിൎമ്മിതങ്ങളോ ആയ കല്പിതകഥകൾ ബാലന്മാരെ അഭ്യസിപ്പിക്കുന്നത് ആപൽക്കരമായിരിക്കുമെന്നു നമുക്കു തോന്നുന്നു. ഈ സംഗതിയെക്കുറിച്ച് അല്പംകൂടെ ആലോചിക്കുക.

വസ്തുബോധം നമുക്കുണ്ടാകുന്നതു പഞ്ചേന്ദ്രിയങ്ങൾ വഴിക്കാണ്. ഇങ്ങനെ ലഭിക്കുന്ന വസ്തുബോധം ക്രമപ്പെട്ടാണ് ജ്ഞാനമുണ്ടാകുന്നത്. ഇതിനു ആലോചനാശക്തി, ഓൎമ്മശക്തി മുതലായവ പ്രവൎത്തിക്കേണ്ടതുമുണ്ട്.

എന്നാൽ നാം ബാലന്മാരായിരിക്കുമ്പോൾ നമുക്കു സിദ്ധിക്കുന്ന ജ്ഞാനം ശരിയായിട്ടുള്ളതല്ല. വളൎച്ചയോടുകൂടെത്തന്നെ ജ്ഞാനം മേൽക്കുമേൽ അതിനെത്തന്നെ തിരുത്തുകയും ശരിപ്പെടുത്തുകയും ചെയ്യുന്നു. മിന്നുന്ന "പാണ്ടിപ്പിച്ചളയും" സ്വൎണ്ണവും ബാലനു ഏകവസ്തുവായിട്ടാണ് തോന്നുന്നത്. അതുപോലെ തന്നെ, ഇതരവസ്തുക്കളെ സംബന്ധിച്ചും ബാലന് ഇതിലേറെ വിശേഷമല്ലാത്ത ജ്ഞാനമേ ഉള്ളൂ. അതുകൊണ്ടു ബാലന്റെ വസ്തുബോധത്തെ ആകപ്പാടെ തടയേണ്ടതാണെന്ന് ആരെങ്കിലും വാദിക്കാറുണ്ടോ? ഉത്തമജീവിതതത്വം മറ്റൊരുത്തന്റെ ഉപദേശമോ, അനുഭവമോ അല്ലെന്നും, അവനവന്റെ ജീവിതത്തിൽ അനുഭവപ്പെടുന്നതു തന്നെയാണെന്നും മഹാന്മാർ പറയുന്നു. ഇതു തന്നെയാണ് വിദ്യാഭ്യാസത്തിലും സ്വീകരിക്കേണ്ട തത്വം. ബാലമനസ്സ് അതിനു ത്രാണിയുള്ള വിധത്തിലും രസകരമായ മാൎഗ്ഗങ്ങളിൽ കൂടിയും ജ്ഞാനസമ്പാദനം നടത്തട്ടെ. അതിന്റെ വളൎച്ചയോടുകൂടി തെറ്റായ ജ്ഞാനശകലങ്ങളെല്ലാം തിരുത്തപ്പെടുകയും, മനുഷ്യബുദ്ധി അനുക്രമമായ പുഷ്ടിമയെ പ്രാപിക്കുകയും ചെയ്യുന്നു. ഉപാദ്ധ്യായനുള്ള ചുമതല ബാലനെ ജ്ഞാനസമ്പാദനമാൎഗ്ഗങ്ങളിലൂടെ നടത്തുകയാണ്. ഒരു ബാലനു പ്രത്യേകവാസനയുള്ള ജ്ഞാനവിഭാഗത്തെ കണ്ടറിഞ്ഞ് അതു രസകരമായ വിധത്തിൽ അവനെ മനസ്സിലാക്കുകയാണ് വേണ്ടത്. എല്ലാ ബാലന്മാൎക്കും കല്പിതകഥകളിൽ വലിയ താല്പൎയ്യം കണ്ടുവരുന്നുണ്ടെന്നു മുമ്പു കാണിച്ചിട്ടുണ്ടല്ലോ. ഈ വിശേഷമാൎഗ്ഗത്തിലൂടെ ബാലനു ജ്ഞാനം പ്രദാനംചെ

ശ്യമനം. അല്ലാതെ പ്രകൃതിയുടെ നിയമങ്ങളെ ലംഘിച്ചിട്ടുള്ള ദോഷം പറയേണ്ടതില്ലല്ലോ. ചീനത്തുകാർ അടുത്തകാലം വരെ ദോഷകരമായ ഒരു പ്രവൃത്തി ചെയ്തുവന്നിരുന്നു. സ്ത്രീകളുടെ പാദങ്ങൾ വളരെ ചെറുതായിരിക്കുന്നതാണത്രെ സൌന്ദൎയ്യലക്ഷണം. അതിനായി അവർ ബാലികമാരുടെ പാദങ്ങൾക്കിരുമ്പുറയിട്ടു വന്നു. അനുഭവം ദോഷകരമാണെന്നു നമുക്കറിയാമല്ലോ. ഇപ്രകാരമാണ് കല്പിതകഥകളിൽ ബാലന്മാൎക്കുള്ള താല്പൎയ്യത്തേയും തദനുസാരിയും തജ്ജന്യവുമായ മനോവികാസത്തേയും തടയുന്നതുകൊണ്ടുണ്ടാകുന്ന ഫലങ്ങളും. അതുകൊണ്ടു ബാലമനസ്സിന്റെ സ്വാഭാവികവ്യാപാരത്തെ തടയാതെ അതിനെ പ്രോത്സാഹിപ്പിക്കുകയാണ് യുക്തം. അല്ലാതെ, ബാലന്മാൎക്കു ഗ്രഹിക്കുവാൻ നിവൃത്തിയില്ലാത്ത ജ്ഞാനത്തെ പ്രദാനംചെയ്യുവാൻ ശ്രമിക്കയോ, അതിനു പ്രകൃതിദത്തങ്ങളായ വ്യാപാരമാൎഗ്ഗങ്ങളെ തടയുകയോ ചെയ്യുന്നതു ദോഷകാരണമായിത്തീരും. അതുകൊണ്ടു കല്പിതകഥകൾ വഴിക്കു ജ്ഞാനദാനം ചെയ്യുവാൻ ഉപാദ്ധ്യായൻ ശ്രമിക്കേണ്ടതാണ്.

## III

അഭ്യാസം കൂടാതെ വളൎച്ചയുണ്ടാകുന്നതല്ല. അതുകൊണ്ടു വിദ്യാഭ്യാസം ബാല്യത്തിൽതന്നെ ആരംഭിക്കേണ്ടതാണ്. ഒരുത്തന്റെ മനസ്സിനെ വ്യാപരിപ്പിച്ചു വികസിപ്പിക്കുന്നതിനുള്ള തന്ത്രങ്ങൾ മറ്റൊരുത്തന്റെ കാൎയ്യത്തിലും പ്രയോഗിക്കുവാൻ സാധിക്കുമെങ്കിലും, അഭ്യാസം, അഭ്യസിക്കുന്നവന്റെ സ്ഥിതിയെ ആശ്രയിച്ചിരിക്കുന്നു. ബാലമനസ്സിന്റെ വസ്തുബോധം സാധാരണമായി അബദ്ധമാണ്. മിക്കസന്ദൎഭങ്ങളിലും അതു പൂൎവ്വാപരവിരുദ്ധവും അസാദ്ധ്യവുമാണ്. അതുകൊണ്ട് അഭ്യാസം നിറുത്തിവെച്ചു വസ്തുബോധം ശരിയാവട്ടെയെന്നു കരുതിയാലോ? അതു പ്രകൃതിയുടെ നിയമങ്ങൾക്കെതിരിടുന്നു. വളൎച്ചയ്ക്കു അഭ്യാസം അത്യാവശ്യം. ബാലനു സാദ്ധ്യമാകുന്ന വിധത്തിൽ അവനു ബുദ്ധിയെ വ്യാപരിപ്പിക്കുകയും വളരുകയും ചെയ്യേണ്ടിയിരിക്കുന്നു. അതിനാണ് ബാലനെ ശീലിപ്പിക്കേണ്ടത്.

അനുക്രമമായ മനോവികാസത്തിന് ആഗ്രഹിക്കത്തക്ക മാതൃകകൾ ആവശ്യമാണ്. എപ്പോഴും ഉന്നതമായ നിലയിൽ നിന്നു ശോഭിക്കുന്ന മനുഷ്യജീവിതമാതൃകാദീപങ്ങളാണ് നമ്മുടെ വളൎച്ചയ്ക്കു ശക്തിതന്നു നമ്മെ പരിശ്രമശീലന്മാരാക്കുന്നത്. അതുപോലെ തന്നെ, സൽഗുണസമ്പന്നന്മാരായ ജീവികളും അവയുടെ വ്യാപാരവിശേഷങ്ങളുമാണ് നമ്മേയും അതുപോലുള്ള വ്യാപാരങ്ങളിലേയ്ക്കു നയിപ്പിക്കുന്നതും, അവയ്ക്കായി നമ്മെ പ്രേരിപ്പിക്കുന്നതും. അനുഭവപദ്ധതിക്കപ്പുറമായ ചില മാതൃകകളാണ് നമ്മെ മാതൃകയോടടുക്കുവാനെങ്കിലും ഉത്സാഹിപ്പിക്കുന്നത്; നിരാശതയ്ക്കായി നമ്മെ വിട്ടുകൊടുക്കാനല്ലാ, ആശയോടുകൂടെ അഭിവൃദ്ധിക്കായി ശ്രമിക്കുന്നതിനത്രേ.

രസതന്ത്രം, പ്രകൃതിശാസ്ത്രം, മുതലായ ശാസ്ത്രങ്ങളിൽ അറിയപ്പെടാത്തതും, അനുഭവപ്പെടാത്തതും, തെളിയിക്കപ്പെടാത്തതുമായ പല സംഗതികളേയും സംബന്ധിച്ച് എത്ര ഊഹങ്ങളും സംശയങ്ങളും

സങ്കല്പങ്ങളും നിൎമ്മിച്ച് അവയെ ക്രമാനുഗതമായി തിരുത്തിയും വളൎത്തിയും ജ്ഞാനസമ്പാദനം ചെയ്യുന്നുണ്ടെന്ന് അവ അഭ്യസിച്ചവൎക്കറിയാം. എന്നാൽ ശാസ്ത്രജ്ഞന്മാരുടെ ആലോചനാശക്തിയുടെ ഫലമായ ആ സങ്കല്പങ്ങൾ ദോഷകരങ്ങളാണെന്ന് ആരും വാദിക്കുന്നതല്ല. ഇതുപോലെ തന്നെയാണ ബാലമനസ്സു കല്പിതകഥകളുടെ ശക്തിമൂലം വ്യാപരിച്ചു വളരുന്നതും. അതിൻെറ ദോഷഫലങ്ങൾ മുൻപറഞ്ഞവയ്ക്കുള്ളതുപോലെയല്ലാതില്ല. അനുക്രമമായ വളൎച്ചയാൽ ആ ദോഷങ്ങൾ ദൂരീകരിക്കപ്പെടുകയും ഗുണഭാഗങ്ങൾ ശക്തിപ്പെടുകയും ചെയ്യുന്നു.

## IV

വസ്തുബോധത്തെ സംബന്ധിച്ചാണല്ലോ നാമിതുവരെ ആലോചിച്ചത്. ഇനി ചിത്രമെഴുത്തു കൊത്തുപണി മുതലായവയെപ്പററി ചിന്തിക്കാം. വെറും ഛായാപടങ്ങൾ മാത്രമാണ് നമ്മുടെ ചിത്രമെഴുത്തിൻെറ പൂൎണ്ണമാതൃകകളാക്കാൻ നാമൊരുങ്ങുന്നതെങ്കിൽ, മനുഷ്യബുദ്ധിവൈഭവത്തിന് ഈ വിഷയത്തിൽ വളൎച്ചയ്ക്കു മാൎഗ്ഗമില്ല. മനുഷ്യൻെറ മനോവ്യാപാരങ്ങളെ പ്രകാശിപ്പിക്കുക, ജീവികളുടെ മുഖത്തു സ്ഫുരിക്കുന്ന ശക്തി വെളിവാക്കുക, ദേഹത്തിനാകപ്പാടെ ഒരു യോജിപ്പു നൽകുക, സന്ദൎഭോചിതമായ വിഭവങ്ങളെ പ്രദൎശിപ്പിച്ചു ഛായയ്ക്കു സ്വാഭാവികത്വം വരുത്തുക എന്നിങ്ങനെ പൂൎണ്ണതയിലേയ്ക്കു തൻെറ കൈവേലയെ അടുപ്പിക്കുന്ന അനേകഗുണങ്ങൾ ഒരു ചിത്രമെഴുത്തുകാരൻ എപ്പോഴും ലാക്കാക്കേണ്ടിയിരിക്കുന്നു. സാധാരണസംഗതികളെല്ലാം ഒരു ചിത്രകാരന് അനുഭവത്തിൽ നിന്നു തന്നെയാണ് ലഭിക്കുന്നതെങ്കിലും ചിത്രത്തിൻെറ ജീവവനും ശക്തിയും ഉദിക്കുന്നതു തൽകൎത്താവിൻെറ ആശയവിശേഷവും ആലോചനാശക്തിയും സ്വഭാവജ്ഞാനവും സരസ്വതീവിലാസവും കൂടിച്ചേൎന്നുണ്ടാകുന്ന യോഗ്യതയിൽ നിന്നത്രെ.

## V

മേൽ പ്രസ്താവിച്ച സംഗതികളിൽ നിന്നു മൂന്നു തത്വങ്ങൾ സിദ്ധിക്കുന്നു.

(൧) എല്ലാ മനോവ്യാപാരങ്ങളിലും വാസ്തവസ്ഥിതികളുടേയും സംഭവങ്ങളുടേയും ജ്ഞാനം അത്യാവശ്യമാണ്.

(൨) വസ്തുബോധം എല്ലായ്പോഴും അപൂൎണ്ണതയിൽനിന്നു പൂൎണ്ണതയിലേയ്ക്കു വളൎന്നു കൊണ്ടിരിക്കുന്നു.

(൩) (മനസ്സു പ്രത്യേകിച്ചു ബാലമനസ്സു) വ്യാപരിക്കുന്നതിനു വേണ്ടതായ സൌകൎയ്യങ്ങളെല്ലാം അതിനു നൽകണം.

ഒരു ബാലനു ഈശ്വരനെക്കുറിച്ചുള്ള സങ്കല്പം, അദ്ദേഹം ധാരാളം താടിമീശയും, ജടയും ഉള്ള ഒരു നല്ല വൃദ്ധനാണെന്നായിരിക്കാം. അപ്രകാരമുള്ള ഒരു സങ്കല്പത്തെ തടയുവാൻ നിവൃത്തിയില്ല. പ്രായം വരുമ്പോൾ മനോവ്യാപാരം, ജ്ഞാനവൎദ്ധന എന്നിതുകളാൽ ബാലൻെറ സങ്കല്പങ്ങൾ മാറിത്തുടങ്ങുന്നു. ഭൂമിശാസ്ത്രം, ശരീരശാസ്ത്രം, നക്ഷത്രശാസ്ത്രം മുതലായവയിൽ ബാലന് ഇതിനെക്കാൾ സുഖകരമായ ജ്ഞാനമോ സങ്കല്പമോ ഉണ്ടെന്നു തോന്നുന്നില്ല. ബാലൻ വളരുമ്പോൾ ഈ തെററായ സങ്കല്പങ്ങളെല്ലാം അവൻതന്നെ തിരുത്തുന്നതാണ്.

ഇനി കല്പിതകഥകളിൽ കാരോ വിഭാഗങ്ങളെ സംബന്ധിച്ചല്പം പറയാം. ഒന്നാമതു യക്ഷികഥകളും മററുമാണ്. ഇവ ബാലന്മാരെ സന്തോഷിപ്പിക്കുന്നവയാണെന്നുള്ളതിനു രണ്ടു പക്ഷമില്ല. പക്ഷെ, ഇല്ലാത്തവയോ, ഉണ്ടെന്നു തെളിഞ്ഞിട്ടില്ലാത്തവയോ ആയ ജീവികളെ സംബന്ധിച്ച ബാലമനസ്സിൽ വസ്തുജ്ഞാനമുണ്ടാക്കുന്നതെന്തിനെന്നു ചോദിച്ചാൽ, അതു ബാലന്മാരെ അഭ്യസിപ്പിക്കുന്നതിനു പുറമേ അവരുടെ അത്ഭുതവികാരത്തെ വ്യാപരിപ്പിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്നു എന്നാണുത്തരം. എന്നാൽ പ്രകൃതിയിലെ അത്ഭുതകാര്യങ്ങൾ ബാലന്മാരെ കേൾപ്പിക്കുന്നതു പോരെയെന്നു തോന്നും. പ്രകൃതിയുടെ അത്ഭുതവ്യാപാരങ്ങൾ ധാരാളം ജ്ഞാനം സമ്പാദിച്ച നമുക്കല്ലാതെ ബാലന്മാർക്കു മനസ്സിലാക്കുന്നതിനു സാധിക്കുകയില്ല. ഒരു കോഴിമുട്ടയിൽനിന്നു, കോഴിക്കുഞ്ഞുണ്ടാകുന്നതു നമുക്കത്ഭുതമാണ്. ഒരു ബാലനിതിലുള്ള അത്ഭുതമെന്താണെന്നറിയുന്നില്ല. എന്നാൽ വനദേവതമാരുടെ നൃത്തവും, യക്ഷികളുടെ രൂപവും, ബാലൻെറ മനസ്സിനെ ഇളക്കി മറിക്കുന്നു. കുട്ടികൾക്കു തന്നെ അറിഞ്ഞുകൂടാത്ത ഒരു അത്ഭുതവികാരവും സന്തോഷവും ഉണ്ടാകുന്നതുകൊണ്ടു യക്ഷികഥകൾ, എത്ര ഭയങ്കരങ്ങളായിരിക്കട്ടെ, പൈതങ്ങൾക്കു ത്രൈലോക്യരസപ്രദങ്ങളാകുന്നു.

അർത്ഥവത്തുകളായ കഥകൾ മലയാളത്തിൽ ചുരുക്കമാണ്. "പരദേശിമോക്ഷയാത്ര" ഇംഗ്ലീഷുസാഹിത്യത്തിൽ പേരുകേട്ട ഒരു പുസ്തകമാണ്. ഇങ്ങനെയുള്ളവയുടെ അർത്ഥം മനസ്സിലാകാതിരുന്നാൽ, ബാലന്മാർ ഇവയെ നന്നായി വായിക്കുന്നു. കാലക്രമംകൊണ്ട് അവയുടെ അർത്ഥവും അവൎക്കു വെളിവാകും. "നീതികഥകൾ" ചിലപ്പോൾ അന്യരെ ആക്ഷേപിക്കുന്നതിനും ബാലന്മാരെ പ്രോത്സാഹിപ്പിച്ചെന്നു വരും. എങ്കിലും, മനോവ്യാപാരത്തിനും, സ്വഭാവസ്ഫുടതയ്ക്കും ഉതകുന്ന ഒരിനം കഥകളത്രേ ഇവ. സാധാരണ ജീവിതമുറകളെ പഠിപ്പിക്കുന്ന കഥാപുസ്തകങ്ങൾ സ്വാഭാവികസംഭവങ്ങളെയാണ് പ്രതിപാദിക്കേണ്ടത്. ബാലന്മാൎക്കു പത്തും പന്ത്രണ്ടും വയസ്സുവരെ ഇപ്രകാരമുള്ള കഥകൾക്കു വിദ്യാഭ്യാസത്തിൽ ഒരു നല്ല സ്ഥാനമുണ്ട്. അതു കഴിഞ്ഞാൽ ഉയൎന്നതരം കല്പിതകഥകളാകുന്ന കാവ്യാദിഗ്രന്ഥങ്ങൾ ബാലന്മാൎക്കു പഠിച്ചു തുടങ്ങാം.

അതുകൊണ്ട് ഉപാദ്ധ്യായന്മാർ ബാലന്മാരെ വിദ്യയഭ്യസിപ്പിക്കുമ്പോൾ കല്പിതകഥകളുടെ ഉപയോഗം മനസ്സിലാക്കി അവയെ കഴിവുപോലെ നന്നായി തിരഞ്ഞെടുത്തു, ബാലമനസ്സു സത്യനിഷ്ഠയിലും സഹോദരസ്നേഹത്തിലും വളരുവാൻ തക്കവണ്ണം പ്രവൎത്തിക്കേണ്ടിയിരിക്കുന്നു. ഇതിലത്രെ ബാലൻെറ ഭാവിയിരിക്കുന്നത്.

കോട്ടയം.

എം. ജെ. ഡേവീഡ്.

# ജീവിതമന്ദിരം.

പാന

(ഒരു അനുകരണം.)

---

മുന്നമെന്നുടെ ജീവിതമന്ദിരംതന്നകമൊന്നു കാണുവാനാശയാ
ചെന്നണഞ്ഞിതൊരുനാൾ പുലരുമ്പോൾ മുന്നിൽ കാണും നടപ്പുരതന്നിൽ ഞാൻ.
കൈവളന്ന കുതുകേന തൽഗൃഹേ മേവിടുമുടമസ്ഥനോടോതിനേൻ:—
"ഇവ വിശിഷ്ടമാം വീട്ടിന്നകത്തെഴും ശ്രീവിലാസങ്ങൾ കാണാൻ കൊതി മമ;
അല്പമായുമധികമായുമുള്ളോരത്ഭുതവസ്തുജാലം നിറഞ്ഞതായ്
ഉൾക്കനൊയൊരീക്കെട്ടിടത്തിന്നകം നോക്കുവനൊരു നോട്ടത്തിലൊക്കയും."
എന്നപേക്ഷ ഫലിച്ചുവെന്നായുമ തോന്നിടുംമട്ടു വീട്ടുടമസ്ഥനും
ഒന്നും മിണ്ടാതെ കൈ നീട്ടിയാദരാൽ തന്നു താക്കോലിൻകൂട്ടം കരത്തിൽ മേ;
ഒട്ടുമില്ല പരിചയമെങ്കിലും പുഷ്ടമോദമാ വീട്ടിൽക്കടന്നു ഞാൻ
ആശയമിളകുമ്മട്ടിലാദ്യമായ് 'ആശ'യാകും മുറി തുറന്നീടിനേൻ.
ധീ മയങ്ങും വിധത്തിലാ വാതില്ക്കൽ താമസിച്ചേനലംഭാവമെന്നിയേ.
നിദ്രയാം മുറി മേലേ നിലയിലാണത്ര ചെന്നും തിരിച്ചേനതൃപ്തനായ്.
'ആനന്ദം' എന്നെഴുതിപ്പതിച്ചതിപീനമായുള്ള ശാലതൻ വാതില്ക്കൽ
ഞാനണഞ്ഞു തുറക്കാൻ കഴിയാതെ ദീനനായ്; അതിൻതാക്കോൽ ചെറുതത്രേ;
മാനം കെട്ടു മടങ്ങിയതിൽപ്പിന്നെ ഞാനൊരു മുറി വീണ്ടും തുറന്നിതു;
'സന്തോഷം' എന്നു പേരെഴുതീട്ടുണ്ടു ചന്തമോടുമ്മരത്തമ്മുറിക്കുകം.
ഏററമേററം തെളിഞ്ഞേറെ വസ്തുക്കൾ മുററുമങ്ങിങ്ങു കണ്ടു ഞാനാദിയിൽ;
ഒട്ടു നേരം കഴിഞ്ഞപ്പൊളൊക്കയും ദൃഷ്ടിയിൽനിന്നു ഹാഹാ, മറഞ്ഞുപോയ്!
അമ്മട്ടായതിൻ താഴേ വിളങ്ങുന്ന കർമ്മമെന്നുള്ള ശാലയിൽപ്പുക്കു ഞാൻ
അമ്മുറിയോ വിശാലമാണാ,യതിലുന്മനസ്സോടെ ചുററീടിനേൻ ക്ഷണം.
എന്തോ വല്ലാത്ത മൂടലിൽപ്പെട്ടെനിക്കന്തമില്ലാത്ത മട്ടായ് പൊടുന്നനെ.
അന്ധകാരം നിറഞ്ഞ മുറികളാണനന്തരം പിന്നെക്കണ്ടതവിടത്തിൽ.
ചെന്നു പിന്നെ പ്രയത്നശാലയ്ക്കകം നന്നെ ക്ലേശിച്ചു ഞാനതു നോക്കുവാൻ.
അഞ്ജസാ പിന്നെക്കണ്ടേനൊരു വാതിൽ മഞ്ഞൾ പോലെ നിറമായ,തിന്നു മേൽ
'ക്ലേശം' എന്നെഴുതിപ്പതിച്ചിട്ടുണ്ട്, ഞാശയം തളർന്നേറെ നടന്നുടൻ,
ഹന്ത! ഞാനെന്തു ചൊല്ലേണ്ടത,മ്മുറിക്കന്തർഭാഗമണഞ്ഞ സമയത്തിൽ

എന്തൊരാഹ്ലാദം! മോളിൽനിന്നപ്പോഴേ ചിന്തിച്ചിന്തിത്തുടങ്ങീ വെളിച്ചവും.
'സത്യം' എന്നുള്ള സൌധത്തിലേയ്ക്കുമേ തത്ര കാണായി മാൎഗ്ഗം തെളിവൊടേ.
'ഭക്തി'യാകും മണിമാളികയ്ക്കുള്ളൊരദ്ധ്വാവും മമ കാണായി മുൻവശം,
ഞാനതിൽക്കേറിപ്പോവുന്നതിൻ മുന്നം 'ആനന്ദ'ശാല വീണ്ടും തുറക്കുവാൻ
കൊച്ചുതാക്കോലണച്ചു തിരിച്ചപ്പോൾ സ്വച്ഛമാമമ്മുറിയും തുറന്നുതേ!

നിലമ്പൂർ. —തേലപ്പുറത്തു നാരായണനമ്പി.

## ഹിന്തുക്കളുടെ യുദ്ധതത്വശാസ്ത്രം.

## II

ഹിന്തുക്കളുടെ ധൎമ്മയുദ്ധനിയമങ്ങൾ ചില സംഗതികളിൽ പാശ്ചാത്യന്മാരുടേതിനെക്കാൾ വളരെ മീതെയാണെന്നു നിൎവ്വിവാദം പറയാം. ഇതു, ഹേഗ്സമാജത്തിൽ തീൎച്ചപ്പെടുത്തിയ നിയമങ്ങളുമായി ഇവയെ താരതമ്യപ്പെടുത്തിയാലറിയാവുന്നതാണെന്നു മാത്രമേ ഇപ്പോൾ പ്രസ്താവിക്കുന്നുള്ളു. എന്തായാലും, ഹിന്തുക്കളുടെ മിക്ക നിയമങ്ങളും, വളരെക്കാലം കഴിഞ്ഞതിന്നു ശേഷം ഹേഗിലും ജനീവയിലും വെച്ചു മഹാശക്തികൾ ഒത്തൊരുമിച്ചു സ്ഥാപിച്ചവയോടു തുല്യമാണെന്നുള്ളതു നിസ്തൎക്കം തന്നെ. പോരാളികൾക്ക് ഒരേ മാതിരിയിലുള്ള ആയുധങ്ങളും മറ്റും വേണമെന്നു ഭീഷ്മരും മനുവും മറ്റും അഭിപ്രായപ്പെടുന്നുണ്ട് (ശാന്തി). "വിഷസംബന്ധമുള്ള അസ്ത്രങ്ങൾ ഉപയോഗിക്കുവാൻ പാടില്ല" (ശാന്തി) എന്നു ഭീഷ്മർ പറയുന്നു. "ക്ഷീണിച്ചവനോ, മുറിയേറ്റു കിടക്കുന്നവനോ, ആയുധം മുറിഞ്ഞുപോയവനോ, ആയ ശത്രുവെ വധിക്കരുത്. ഇപ്രകാരമുള്ള ഭടന്മാരെ തടവുകാരാക്കുകയല്ലാതെ നിഗ്രഹിക്കരുത്" (ശാന്തി) എന്നാണ് ഭീഷ്മർ ഉപദേശിക്കുന്നത്. ഇതു തന്നെയാണല്ലോ ഹേഗ്സമാജത്തിൽ തീൎച്ചയാക്കിയതും.

യുദ്ധത്തിൽ പിടിക്കുന്ന തടവുകാരെ ഹിന്തുക്കൾ രണ്ടായി വിഭജിച്ചിരുന്നു. ശത്രുക്കൾ അക്രമം ചെയ്യാതിരിപ്പാൻ വേണ്ടി അവരിൽ പ്രമാണികളെ പിടിച്ചു സുഖസ്ഥിതിയിൽ നിവസിപ്പിക്കുന്നു. എന്നാൽ സാധാരണ തടവുകാരെ നിഷ്പക്ഷപാതികളായ ക്ഷേത്രാധികാരികളുടേയോ മറ്റോ അധീനതയിലാണ് നിൎത്തുന്നത്. ഇങ്ങിനെ ചെയ്യുന്നത് ഇവരെ കഠിനമായി ഉപദ്രവിക്കാതിരിക്കുന്നതിന്നാണെന്നു പറഞ്ഞറിയിക്കേണ്ടതില്ലല്ലോ. യാതൊന്നും ചെയ്വാൻ വയ്യാത്തവണ്ണം മുറിയേറ്റവരെ സ്വഗൃഹങ്ങളിലേയ്ക്കയയ്ക്കേണ്ടതാണെന്നും, മറ്റുള്ളവരെക്കൊണ്ടുപോയി ചികിത്സിക്കേണ്ടതാണെന്നുമാണ് ഭീഷ്മരുടെ അഭിപ്രായം (ശാന്തി). ഈ വിധമുള്ള നിയമങ്ങളെ

1906-ൽ ഉണ്ടായ ജനീവസമാജത്തിൽ വെച്ചു നിശ്ചയിച്ചിട്ടുണ്ട്.

ഹേഗ്സമാജക്കാരും ഹിന്തുയോദ്ധാക്കളും ശത്രുക്കളുടെ രാജ്യാദികളെ അനാവശ്യമായി കൊള്ളയിടുവാൻ പാടില്ലെന്നു സമ്മതിക്കുന്നുണ്ട്. ഉപകാരശൂന്യങ്ങളായ ദ്രോഹപ്രവൃത്തികളേയും കോപവാക്കുകളേയും മററും ത്യജിക്കേണമെന്നു (ശാന്തി) ഭീഷ്മർ ഉപദേശിച്ചിരിക്കുന്നു. എന്നാൽ രാജ്യവാസികൾ അസഹ്യമായി ദ്രോഹിക്കുകയും മററും ചെയ്യുന്ന പക്ഷം, "ജനനാശം ചെയ്ക, നിരത്തുകൾ നശിപ്പിക്കുക, വീടുകൾ തകൎക്കുകയോ തീവെയ്ക്കുകയോ ചെയ്ക ഇങ്ങിനെയുള്ള പ്രവൃത്തികൾ ചെയ്യുന്നതിന്നു വിരോധമില്ല" (ശാന്തി). ഇതു തന്നെയാണ് ജൎമ്മങ്കാർ പ്രവൎത്തിക്കുന്നതെന്നു വരികിലും, ഹിന്തുക്കൾ അനുകമ്പ തീരെ നിഷ്ഫലമായി തീരുന്ന സമയങ്ങളിൽ മാത്രമേ അങ്ങിനെ ചെയ്തിരുന്നുള്ളു എന്നതു വിസ്മരിപ്പാൻ പാടില്ല.

കീഴടക്കിയ രാജ്യങ്ങളിൽനിന്നു യുദ്ധച്ചിലവിന്നായും മററും ധനാദികൾ വാങ്ങുന്നതിന്നു ചില നിയമങ്ങളുണ്ട്. വിദ്വാന്മാൎക്കും തത്വശാസ്ത്രജ്ഞന്മാൎക്കും പരാജിതരിൽനിന്നു ചില സമ്മാനങ്ങൾ സിദ്ധിച്ചിരുന്നു. ദയയും ഗാംഭീൎയ്യവും കൂടിക്കലൎന്നതായ സ്വഭാവമാണ് വിജയിയായ രാജാവിന്നുണ്ടായിരിക്കേണ്ടത്. "ദ്രോഹിക്കുന്നതിന്നു മുമ്പും, അങ്ങിനെചെയ്യുമ്പോഴും, നല്ല വാക്കുകൾ പറയുക; തോല്പിച്ചതിൻ ശേഷം അവരിൽ ദയകാണിക്കേണം (ശാന്തി). "കവൎച്ച, ജനനാശം, വേദന ഇവയിൽനിന്നു തോററവരെ രക്ഷിക്കേണ്ടതാകുന്നു" (ശാന്തി). എന്നാൽ പരാജിതനായ രാജാവിനെ സ്വാധീനതയിൽ നിൎത്തണം; അതല്ലാതെ അദ്ദേഹത്തേയും മററും നശിപ്പിക്കരുത്. "പരാജിതനിൽ വിശ്വാസമുണ്ടാകരുത്" (ശാന്തി) എന്ന ഉപദേശം സ്വീകാൎയ്യമാണ്. "ഒരു രാജാവു, പരാക്രമിയെ അഭിനന്ദനത്താലും, ഭീരുവെ ഭീഷണിയാലും, അത്യാഗ്രഹിയെ ദാനത്താലും തന്റെ ഭാഗത്തേക്കു കൊണ്ടുവരണം" (ശാന്തി). ലോകത്തെ ഭരിക്കേണമെങ്കിൽ ശക്തി ഉപയോഗിക്കാതെ നിൎവ്വാഹമില്ലെന്നു ഹിന്തുക്കൾ ഉപദേശിച്ചിരുന്നു. "അൎജ്ജുനൻ-- മറെറാന്നിനേയും ദ്രോഹിക്കാത്ത ഒരു ജീവിയേയും ഈ ലോകത്തിൽ ഞാൻ കാണുന്നില്ല. ഒന്നു മറെറാന്നിന്മേൽ ജീവിക്കുന്നു; അധികം ശക്തിയുള്ള ജീവി ബലഹീനമായതിനെ ഉപദ്രവിച്ചു കാലയാപനം ചെയ്യുന്നു. കീരി ചുണ്ടെലിയേയും, പൂച്ച കീരിയേയും, നായ പൂച്ചയേയും, പുലി നായയേയും ദ്രോഹിച്ചു കഴിഞ്ഞുകൂടുന്നു. നാശകൎത്താവു വരുമ്പോൾ എല്ലാററിനേയും വിഴുങ്ങിക്കളയും! ചരാചര വസ്തുക്കളടങ്ങിയ ഈ ഭൂമി പ്രാണികളുടെ ആഹാരമാണ്. ഇപ്രകാരമാണ് ദേവന്മാരുടെ വിധി" (ശാന്തി). "സൎവ്വം പ്രാണസ്യ ഭോജനം" എന്നു മനുവും അഭിപ്രായപ്പെട്ടുണ്ട്.

ധൎമ്മയുദ്ധം ഒരു നന്മയായിട്ടാണ് ഹിന്തുക്കൾക്കു തോന്നിയിരുന്നത്. അതിയായ കീൎത്തിബഹുമാനങ്ങളോടു കൂടി ഇതിൽ മരിക്കുവാൻ സംഗതിവന്ന പരാക്രമിയുടെ പേരിൽ മററുള്ളവൎക്കു കലശലായ അസൂയയുണ്ടായിരുന്നു. "ഈ യുദ്ധത്തിൽ വധിക്കപ്പെട്ട ക്ഷത്രിയന്മാരെല്ലാം വി

ക്രമകളാണ്; അവർ മരിച്ചതു ശത്രുക്കളോടു പൊരുതുമ്പോഴമാണ്; അതിനാൽ അവരെല്ലാം സ്വൎഗ്ഗപ്രാപ്തരായി"। "യുദ്ധത്തിൽ ചെയ്യുന്ന ദേഹത്യാഗം പരാക്രമികൾക്കു സ്വൎഗ്ഗത്തിലേയ്ക്കുള്ള ഒരു വാതിലായിട്ടാണ് തീരുന്നത്".

തോക്കു കണ്ടുപിടിച്ചതു പതിന്നാലാം നൂററാണ്ടിൽ റോഗർ ബേക്കൻ (Roger Bacon) എന്നും ബെർതോൾഡ്സ്കാർട്സ് (Berthold Schwartz) എന്നും പേരായ യൂറോപ്യൻസന്യാസി (Monks) മാരാണെന്നാകുന്നു പ്രായേണ പറഞ്ഞുവരുന്നതു. എന്നാൽ ഇതു മഹാഭാരതകാലത്തുണ്ടായിരുന്നു എന്നു വനപൎവ്വത്തിൽ നിന്നും മററും വ്യക്തമായി അറിയാവുന്നതാണ്. ശത്രുക്കളിൽ നിന്നു രക്ഷപ്രാപിക്കേണ്ടതിന്നു പട്ടണത്തിൻെറ രണ്ടുനാഴിക ചുററും കുഴിച്ചുക്ഷണത്തിൽ കത്തുന്ന പദാൎത്ഥങ്ങൾ നിറച്ചു മൂടിയിരുന്നു. വെടിമരുന്നിനെപ്പററിയുള്ള ഏററവും പ്രാചീനമായവിവരങ്ങൾ ഇന്ത്യയിൽ സംസ്കൃത ഭാഷയിലാണെഴുതിയിട്ടുള്ളതെന്നാണ് ഗുസ്റ്റാവ് കാപ്പൎട്ട് (Gustav Oppert) എന്ന ജൎമ്മൻപണ്ഡിതൻെറ വിലയേറിയ അഭിപ്രായം. അദ്ദേഹം ശുക്രനീതിയേയും നീതിപ്രകാശികയേയും സ്വീകരിച്ചു പരിശോധിച്ചിട്ടുണ്ട്. യുദ്ധത്തെ സംബന്ധിച്ചു ഈ ശ്രേഷ്ഠഗ്രന്ഥങ്ങൾ വെടിമരുന്നിനെപ്പററി പ്രതിപാദിക്കുന്നുണ്ട്. മനുഷ്യൻെറ ധൎമ്മശാസ്ത്രം ഉണ്ടാക്കിയത് ഇവയെഴുതിയ കാലത്തായിരിക്കേണമെന്ന് ഇദ്ദേഹം വിചാരിക്കുന്നു. ശുദ്ധനീതിയിൽ വെടിമരുന്ന് (അഗ്നിചൂൎണ്ണം) ഉണ്ടാക്കുന്ന മാതിരിയെയും, തോക്കുപയോഗിക്കേണ്ട രീതിയേയും പററി സവിസ്തരമായി പ്രസ്താവിച്ചിട്ടുണ്ട്.

ഇപ്രകാരം ആലോചിച്ചു നോക്കുന്നതായാൽ, ഹിന്തുക്കളുടെ സമാധാനതത്വങ്ങളും യുദ്ധനിയമങ്ങളും മററും ഇപ്പോഴത്തെ പാശ്ചാത്യന്മാരുടേതിനോടുതുല്യമാണെന്നു തെളിയുന്നതാണ്. സാൎപ്പി (Sarpi) ഗ്രോട്ടിയസ്സ് (Grotius) തോമേസിയസ് (Thamasius) കേവർ (Cavour) ബിസ്മാൎക്ക് (Bismark) ബാൽഫർ (Balfour) മുതലായവരെപ്പോലെയുള്ള ഉപദേഷ്ടാക്കൾ ഹിന്തുക്കൾക്കുണ്ടായിരുന്നു. ക്ലോസിവിട്സ് (Clausivitz) ആണ് ആധുനികയുദ്ധസൂത്രങ്ങളുടെ കൎത്താവ്. എന്നാൽ ഇവയെല്ലാം നമ്മുടെ പൂൎവ്വികന്മാൎക്കു നിശ്ചയമുണ്ടായിരുന്നു. സമയാനുസാരമായി പ്രവൎത്തിക്കുവാനുള്ള സാമൎത്ഥ്യവും ബലവുമാണ് അത്യാവശ്യമായിട്ടുള്ളതെന്ന് അവർവിശ്വസിച്ചിരുന്നു. "എല്ലാം ആലോചിച്ചിട്ടേ, യുദ്ധത്തിന്നു പുറപ്പെടുകയും അതിൽനിന്നു പിൻമാറുകയും ചെയ്യാവൂ. സ്വശക്തിയേയും യുദ്ധസ്വഭാവത്തേയും വിജയത്തിൻെറ ഭവിഷ്യത്തുകളേയും ജ്ഞാനികൾ മുൻകൂട്ടി ഗണിച്ചുനോക്കാതിരിക്കയില്ല. കുന്നു നിരത്തി ഒപ്പമാക്കുവാൻ കഴിയുമെങ്കിൽ മാത്രമേ, അതു കിളക്കുവാൻ ശ്രമിക്കാവൂ" (ഉദ്യോഗം) എന്നാണ് ഭീഷ്മർ ഉപദേശിക്കുന്നത്. യുദ്ധത്തിന്നുള്ള ഒരുക്കങ്ങളുടെ അത്യാവശ്യകതയെ ക്ലാസിവിട്സും പ്രാചീന ഹിന്തുക്കളും നല്ലവണ്ണം സമ്മതിക്കുന്നുണ്ട്. "ഒരു മഹാസൈന്യത്തെ ശേഖരിക്കുകയും, അനേകം കാൎയ്യങ്ങളിൽ

ശത്രുക്കളെക്കാൾ അധികം പ്രാബല്യമുണ്ടാവുകയും ചെയ്താൽ മാത്രമേ, അവരോട സധൈര്യം എതിൎക്കാവൂ എന്നു ഭീഷ്മർ പ്രതിപാദിക്കുന്നു. ഭടാദികളുടെ സംഖ്യയേയല്ലാ കരുത്തായി കരുതേണ്ടതെന്നും, ചുരുക്കം ധൈൎയ്യശാലികൾക്ക് അനവധി ശത്രുക്കളെ തോല്പിക്കുവാൻ കഴിയുന്നതാണെന്നും മററും (ഭീഷ്മപൎവ്വം) വ്യാസർ പറയുന്നുണ്ട്. തങ്ങൾ തന്നെയാണ്, ഒടുവിൽ ജയിക്കുക എന്ന് ഒരു ഭാഗക്കാൎക്കും മുൻകൂട്ടി തീൎച്ചയാക്കുവാൻ സാധിക്കയില്ല; അങ്ങിനെ കഴിഞ്ഞതായ ഒരു യുദ്ധവും തൻെറ അറിവിൽ പെട്ടിട്ടില്ലെന്നു (വിരാടം) ഭീഷ്മർ പ്രസ്താവിക്കുന്നു. "യുദ്ധത്തിനുള്ള ഭടന്മാരുടെ ശരിയായ സംഖ്യയും മററും ശത്രുക്കളിൽനിന്നു മറച്ചുവെയ്ക്കണം. ശത്രുക്കളെ തോല്പിക്കുവാൻ ആഗ്രഹിക്കുന്നോർ തൻെറ വാസ്തവസ്ഥിതികളൊന്നും അവരെ അറിയിക്കരുത്" (ശാന്തി) എന്നാണ് ഭീഷ്മർ ഉപദേശിക്കുന്നത്. "ശത്രുവോടു സഖ്യം ചെയ്യേണ്ട സമയം വന്നാൽ അങ്ങിനെചെയ്ക; ബന്ധുവോടു യുദ്ധം ചെയ്യേണ്ട സമയം വന്നാൽ അങ്ങിനെയും ചെയ്ക" (ശാന്തി). "ഒരുവന്നു ജനനാൽ യാതൊരു ശത്രുക്കളുമില്ല. ഒരേ ഉദ്ദേശ്യമുള്ളവനെയാണ് ശത്രുവെന്നു ചിലപ്പോൾ കരുതുന്നത്" (സഭാ). അധികകാലം ശ്രമംചെയ്തതിന്നു ശേഷമേ, ശത്രുനാശം ചെയ്വാൻ പുറപ്പെടാവൂ; തക്ക സമയം വന്നാൽ അപ്പോൾ തന്നെ യുദ്ധം ചെയ്യാതിരിക്കയുമരുത് എന്നാണ് യുദ്ധശാസ്ത്രജ്ഞന്മാർ പ്രസംഗിച്ചിരുന്നത്.

പ്രാചീനകാലത്തിലെ ഹിന്ദുക്കൾ കാരുണ്യത്തേയും സഹോദരഭാവത്തേയും മററും പ്രധാനമായി കരുതിയിരുന്നതിനാൽ അവൎക്കു യുദ്ധം തുഷ്ടികരമായിരുന്നില്ല. അവർ സമാധാനത്തെ അത്യധികം ഇഷ്ടപ്പെട്ടിരുന്നുവെങ്കിലും, തക്ക സമയം വരുമ്പോഴെല്ലാം അവർ യുദ്ധത്തിന്നു സന്നദ്ധരാകാതിരുന്നില്ലെന്നു മഹാഭാരതം വെളിവായി കാണിക്കുന്നു. സമാധാനനന്മകളെക്കുറിച്ചു ഭീഷ്മർ മുതലായവർ ചെയ്ത പ്രസംഗങ്ങളെ കുരുക്ഷേത്രത്തിൽ വെച്ചുണ്ടായ മഹായുദ്ധം നിരാകരിച്ചു. പാശ്ചാത്യ മഹാശക്തികൾ സമാധാനശ്രമം എത്രതന്നെ ചെയ്തിട്ടും ഘോരമായ ഈ ജൎമ്മൻ യുദ്ധം നടക്കുവാൻ ഇപ്പോൾ സംഗതിയായതു നമുക്കുതന്നെ അനുഭവമാണല്ലോ.

ലോകത്തിലെല്ലാം സമാധാനമുണ്ടായിരിക്കേണ്ടതാണെന്ന് എഴുതുവാനും പ്രസംഗിക്കുവാനും പ്രയാസമൊന്നുമില്ല; എന്നാൽ ഇപ്രകാരമുള്ള സമാധാനകാലം വാസ്തവത്തിൽ ഉണ്ടാകയുമില്ല, ഉണ്ടാകുവാൻ തരവുമില്ല. മനുഷ്യർതമ്മിലുണ്ടാകുന്ന കലഹങ്ങളെ തീൎക്കുവാൻ കോടതികളും മററുമുണ്ടെന്നു വരികിലും, മഹാശക്തികൾ തമ്മിലുള്ള തൎക്കങ്ങളെ തീൎത്തു സമാധാനരക്ഷ ചെയ്വാൻ യാതൊരു മാൎഗ്ഗവുമില്ല. വാസ്തവം ആലോചിക്കുന്നതായാൽ, സമാധാനത്തിന്നല്ല ശക്തിക്കാണ് രാഷ്ട്രീയകാൎയ്യങ്ങളിൽ മദ്ധ്യസ്ഥനായിരിപ്പാൻ പ്രാപ്തിയുള്ളതെന്നു വെളിവാകും. "ശാശ്വതമായ സമാധാനകാലം ഒരു സ്വപ്നം മാത്രമാണ്; അതൊരു സുഖകരമായ സ്വപ്നമാണെന്നുകൂടി പറയുവാൻ പാടില്ല. ലോകത്തിൻെറ നിലനില്പിന്നായി സൎവ്വേശ്വരൻ നിശ്ചയിച്ചിട്ടുള്ളതാണ്,

യുദ്ധം. യുദ്ധം തീരെയില്ലാതിരുന്നാൽ, ലോകത്തിന്നഭ്യുദയമുണ്ടാകയില്ലെന്നു മാത്രമല്ല, മനുഷ്യരെല്ലാം 'സുഖിയ'ന്മാരായിത്തീരുകയുംചെയ്യും" എന്നു മോൾക്ക് (Molke) പ്രസംഗിക്കുന്നത് എത്ര യഥാർത്ഥമാണ്! "ഏററവും ശക്തിയുള്ളവൻ വിജയിയായിഭവിക്കും" എന്ന പ്രകൃതിനിയമത്തിന്നാണ് നീതിശാസ്ത്രതത്വങ്ങളെക്കാൾ അധികം പ്രാബല്യമെന്നു സമ്മതിക്കാതിരിപ്പാൻ തരമില്ല. യുദ്ധത്താൽ തൽക്കാലം ഉണ്ടാകുന്ന കഷ്ടപ്പാടുകളെപ്പററി ഓർക്കുമ്പോൾ, നമുക്ക് അത് അനിഷ്ടമായിത്തീരുന്നുവെന്നേ ഉള്ളൂ; എന്നാൽ യുദ്ധം യഥാർത്ഥത്തിൽ ലോകത്തിന്നു ഗുണകരമായിട്ടുള്ളതാണെന്ന തത്വംസർവ്വദാസ്മരണീയമാകുന്നു.

മഹിരാശി.

— പാട്ടത്തിൽ ബാലകൃഷ്ണമേനോൻ

## കേരളത്തിലെ സമുദായസ്ഥിതി.

## II

അരുതരുതു വിരോധം ഭിന്നവർഗ്ഗങ്ങളെല്ലാ-
മൊരുചരടിലിണക്കിക്കോർത്ത പുഷ്പങ്ങളല്ലോ.
പൊരുളിതു തെളിവാക്കിക്കേരളത്തിൻെറ നന്മ-
ക്കൊരുമയൊടിനി യത്നം ചെയ്യുവിൻ നാട്ടുകാരെ!"

കേരളത്തിലുള്ള മിക്ക സമുദായങ്ങളും പരസ്പരം ബന്ധിക്കപ്പെട്ടിട്ടുള്ളതുകൊണ്ട് ഒന്നിൻെറ അഭിവൃദ്ധിക്കും അധഃപതനത്തിന്നുമെല്ലാം മററു ചില സമുദായങ്ങളും കൂടി ഭാഗഭാക്കുകളാകാതെ നിവൃത്തിയില്ല; അതായത്, ഓരോ സമുദായത്തിന്നും അതിന്നു ബന്ധമുള്ള മററു സമുദായങ്ങളോടൊപ്പമേ ഉയർച്ചയുണ്ടാകയുള്ളൂ. അല്ലാത്ത പക്ഷം അവതമ്മിലുള്ള ബന്ധനങ്ങളെല്ലാം ഖണ്ഡിച്ചു കളയേണ്ടിവരും. എന്നാൽ അതു ശ്രമസാദ്ധ്യമാണെന്നു കൂടി ഇതുവരെ പറയാറായിട്ടില്ല. അങ്ങിനെവരുന്നത് എല്ലാ സമുദായങ്ങൾക്കും അനേകം സമുദായങ്ങൾ അടങ്ങിയിട്ടുള്ള കേരളത്തിന്നും ഒരിക്കലും ശുഭഹേതുവായിരിക്കയുമില്ല. വളരെ കാലമായി അന്യോന്യം ബന്ധിച്ചു കിടക്കുന്ന എല്ലാ സമുദായങ്ങളുടേയും പരസ്പരവിശ്വാസവും സ്നേഹവും മാത്രമേ കേരളത്തിന്നും അതിലെ വിവിധ സമുദായങ്ങൾക്കും ഉൽഗതിക്കു കാരണമായിരിക്കയുള്ളൂ. ഈ വാസ്തവത്തെപ്പററി ആലോചിക്കാതേയോ, ആലോചിച്ചിട്ട് അറിയാതേയോ ആണ് ഇക്കാലത്ത് ഓരോ സമുദായവും സ്വാർത്ഥപ്രതിപത്തിയിൽ മുഴുകി പരാക്ഷേപങ്ങൾക്കു വഴിയുണ്ടാക്കുന്നത്.

ഏതെങ്കിലും ഒരു സമുദായത്തിന്നോ രാജ്യത്തിന്നോ അഭിവൃദ്ധിയുണ്ടാകുവാൻ മററു സമുദായങ്ങളേയോ രാജ്യങ്ങളേയോ ആക്ഷേപിക്കേണ്ട ആവശ്യമില്ല. നേരെ മറിച്ച് അവയുടെ സഹകരണസഹായങ്ങളെ അവശ്യം ആവശ്യപ്പെടേണ്ടതായിട്ടാണിരിക്കുന്നത്. ശത്രുക്കളുടെ ഇടയിലല്ല ഒരാൾ

ക്കു സൌഖ്യം ഉണ്ടാകുന്നത്; ബന്ധുക്കളുടെ വൎദ്ധനയാണ് മനസ്സമാധാനത്തിന്നും ക്ഷേമത്തിന്നും എല്ലാവക്കും കാരണം. സമുദായങ്ങളെ സംബന്ധിച്ചിടത്തോളവും ഇതിന്നു ഭേദമില്ല. കേരളത്തിലുള്ള എല്ലാ സമുദായങ്ങളും പുരാതനകാലംമുതല്ക്കു തന്നെ വളരെ ഐകമത്യത്തോടുകൂടിയാണ് വൎത്തിച്ചുപോന്നിട്ടുള്ളത്. ഇതിന്ന് ഈ സമുദായങ്ങൾതമ്മിലുള്ള ബന്ധവും പരസ്പരാശ്രയത്വത്തോടു കൂടിയുള്ള സ്ഥിതിയും മികച്ച തെളിവുകളാണ്. 'കയ്യൂക്കുള്ളവൻ കാൎയ്യക്കാരൻ' എന്ന ആപ്തവാക്യത്തിന്നു വളരെ അധികം പ്രാബല്യമുണ്ടായിരുന്ന മുൻകാലങ്ങളിൽ കൂടി കേരളത്തിലെ സമുദായങ്ങൾ തമ്മിൽ പിണങ്ങിയതായി കേട്ടിട്ടില്ല. ഇങ്ങിനെ ഒരുമയായി കഴിഞ്ഞവരാണ് ഒരാൾക്കു മറ്റൊരാളെ തോല്പിക്കുവാൻ ശരിയായ യാതൊരു വഴിയും ഇല്ലാതിരിക്കുന്ന ഇക്കാലത്തു തമ്മിൽ പിണങ്ങുന്നത്! ഇതിലുമധികം ലജ്ജാകരം മറ്റെന്താണ്? ആധുനികകാലത്ത് ഐകമത്യത്തോടിരുന്നു സാധിക്കേണ്ടതും സാധിക്കാവുന്നതുമായ പല കാൎയ്യങ്ങളുമുണ്ട്. അവയിൽ മിക്കതും ഒറ്റയ്ക്കൊറ്റയ്ക്കു ഒപ്പിച്ചു കളയാവുന്നവയായിരിക്കയില്ല. പൊതുവായി ഗവർമെണ്ടുകളോടു ചെയ്യേണ്ട അപേക്ഷകളും മറ്റും ഈ ഇനത്തിൽ പെടുന്നതാണ്. കേരളത്തിലുള്ള ഓരോ ഗവർമ്മേണ്ടിന്റെ കീഴിലും പല മതക്കാരും സമുദായക്കാരും ഉള്ളതുകൊണ്ടും അവയിൽ ഓരോന്നിന്റെയും രുചി വേറെവേറെയായിരിക്കാവുന്നതുകൊണ്ടും, ഈ രുചിഭേദങ്ങളെ തമ്മിൽ തട്ടിച്ചുനോക്കിയാൽ കുറെയെങ്കിലും യോജിപ്പിച്ചുകൊണ്ടു നടക്കുവാൻ സാധിച്ചേയ്ക്കാവുതുകൊണ്ടും, എല്ലാ വലിയ കാൎയ്യങ്ങളിലും എല്ലാവരും ആലോചിച്ചുതന്നെ ചെയ്യുന്നതാണ് നല്ലത്. ചില പ്രത്യേക സമുദായങ്ങൾക്കു മാത്രം ഗുണകരമായിട്ടുള്ളതും മറ്റു ചില സമുദായങ്ങൾക്ക് എങ്ങിനെയെങ്കിലും അല്പമെങ്കിലും ദോഷത്തെ ഉണ്ടാക്കുന്നതുമായ സംഗതികളിലൊന്നും ഇപ്പോൾ ആരും ശ്രമിക്കേണ്ട ആവശ്യമില്ല. പൊതുജനങ്ങൾക്കുള്ള ഗുണം എല്ലാ സമുദായക്കാരെയും ഒട്ടാകെ ബാധിക്കുന്നതുകൊണ്ട് ആരും സ്വാൎത്ഥത്തെ മാത്രം ലക്ഷ്യമാക്കി ഒന്നും പ്രവൎത്തിക്കാതെ പൊതുജനകാൎയ്യങ്ങളിൽ പ്രവേശിക്കയാണ് ചെയ്യേണ്ടത്,

ഇനി ഒന്നു പറയുവാനുള്ളതു സമുദായനേതാക്കന്മാരും സമുദായസ്നേഹികളുമാണെന്നഭിമാനിക്കുന്ന ചിലരുടെ പ്രവൃത്തികളെപ്പററിയാണ്. വാസ്തവത്തിൽ, അവരിൽ ചിലർ ചെയ്യുന്നതു സമുദായങ്ങളെ തമ്മിൽ തല്ലിക്കുകയാണെന്നു പറയാതെ കഴികയില്ല. സമുദായത്തിലുള്ള എല്ലാ അംഗങ്ങളുടേയും പ്രാതിനിദ്ധ്യം വഹിക്കുന്നുവെന്നു യാതൊരടിസ്ഥാനവും കൂടാതെ അഭിമാനിച്ചുകൊണ്ട് ഓരോന്നു ചിലർ കാട്ടിക്കൂട്ടുന്നതാണ് സമുദായങ്ങൾ തമ്മിലുള്ള എല്ലാ വഴക്കുകൾക്കും കാരണം. ഇതുകൊണ്ടുണ്ടാകുന്ന മറ്റൊരു ഫലം, ഒരു സമുദായത്തിൽതന്നെ വ്യത്യസ്താഭിപ്രായക്കാരായ ആളുകളേയും തന്നിമിത്തം വാശി, മത്സരം മുതലായവയേയും ഉണ്ടാക്കുകയാണെന്നു കാണിപ്പാൻ ഇക്കാലത്തു ദൃഷ്ടാന്തങ്ങളെ ചൂണ്ടിക്കാണിക്കേണ്ട ആവശ്യമില്ല. വളരെ കാലമായി നടന്നുവരുന്ന കൂ

രു സമ്പ്രദായത്തെ മാററി ഒരു നൂതനസമ്പ്രദായം നടപ്പിൽ വരുത്തുകയെന്നുള്ളത് എളുപ്പമായ ഒരു പണിയല്ല. സാമുദായികസംഗതികളിലാണെങ്കിൽ പ്രയാസം തുലോം അധികമാണ് താനും. ഒരു രാജ്യത്തിലോ സമുദായത്തിലോ ഉള്ള അംഗങ്ങളെല്ലാം ഒരേ മാതിരി വിദ്യാഭ്യാസമോ മനഃപരിഷ്കാരമോ സിദ്ധിച്ചിട്ടുള്ളവരായിരിക്കില്ലല്ലോ. അതുകൊണ്ടു ചിലരുടെ ആലോചനകളുടേയും പ്രവൃത്തികളുടേയുമെല്ലാം ഉദ്ദേശ്യം ചിലൎക്ക് ബോധിക്കാതേയും ചിലൎക്ക് മനസ്സിലാക്കുവാൻതന്നെ സാധിക്കാതേയും വേറെ ചില ഉൾനാട്ടുകാരെ അതൊന്നും ബാധിക്കാതേയും വരുന്നു. തന്നിമിത്തം അവിടവിടെ അഭിപ്രായഭേദങ്ങളും വഴക്കുകളും ഉണ്ടാകുന്നു. ഈ വിഷയത്തിൽ ആരെങ്കിലും അപരാധികളാണെങ്കിൽ, അതു മററുള്ളവരുടെ സ്ഥിതിയെപ്പററി ഒന്നും ആലോചിക്കാതെ സമുദായത്തിൽ നൂതനമായി എന്തെങ്കിലും പ്രദൎശിപ്പിച്ചിട്ടുള്ളവരാണ്.

എല്ലാ പുതിയ ഏൎപ്പാടുകളും വിദ്വാന്മാരിൽനിന്നും പരിഷ്കാരികളിൽനിന്നുമാണ് ഇറങ്ങി വരുന്നതും വരേണ്ടതും. പക്ഷെ, അത് എല്ലാ വിദ്വാന്മാരുടെ ഇടയിലും എന്നപോലെ മററുള്ളവൎക്ക് കൂടി ഒരു മാതിരി സ്വീകാരയോഗ്യമായിക്കഴിഞ്ഞതിനു ശേഷമേ ഒട്ടാകെ സമുദായത്തിൽ നടപ്പാക്കുവാൻ ശ്രമിക്കാവൂ. എന്നാൽ അധികം ആക്ഷേപങ്ങളൊന്നും ഉണ്ടാകയില്ല. ഇത്രയെല്ലാം പണിപ്പെട്ട് എന്തെങ്കിലും ഒരു പരിഷ്കാരം ഒരു സമുദായത്തിൽ ഏൎപ്പെടുത്താറായാൽ, അത് അതിന്റെ സംബന്ധികളായ ഇതരസമുദായങ്ങൾക്കു സമ്മതമാകുമോ എന്നു നോക്കേണ്ടതുണ്ട്. അവയെ തൃപ്തിപ്പെടുത്താതെയാണെങ്കിൽ പിന്നേയും ആ സമുദായത്തിൽ പെട്ടന്നു അനേകം പരിഷ്കാരങ്ങൾ ആവശ്യമായ് വരുമെന്നു മാത്രമല്ല, അതിന്റെ മററു സമുദായങ്ങളോടുള്ള ബന്ധവും അററുപോയേക്കാവുന്നതാണ്. ഇനിയും വലുതായ ഒരു മാററം ഇത്ര വേഗം വരുന്നതിൽ അധികം പേർ സന്തോഷിക്കുമെന്നും വിചാരിച്ചുകൂട.

ഒന്നോ രണ്ടോ സഭയോ കുറെ പത്രങ്ങളോ മാസികകളോ മാത്രമല്ല സമുദായപരിഷ്കരണത്തിന്നു വേണ്ട ഉപകരണങ്ങൾ. അവ വല്ലവരുടേയും പ്രാതിനിദ്ധ്യം വഹിക്കുന്നുണ്ടെങ്കിൽ, ചുരുങ്ങിയ ഭാഗക്കാരായ വിദ്വജ്ജനങ്ങളുടെ മാത്രമാണെന്നു പറയേണ്ടതില്ലല്ലോ. അതുകൊണ്ട് ഈ വിദ്വാന്മാരുടെ പരിശ്രമമെല്ലാം മററുള്ളവരെ ഉത്തമരീതിയിൽ രഞ്ജിപ്പിച്ചുകൊണ്ടു കാൎയ്യങ്ങൾ നടത്തുന്നതിലാണ് കാട്ടേണ്ടത്. സഭാമണ്ഡപങ്ങളിൽ കയറി നില്ക്കുമ്പോൾ ജിഹ്വാഗ്രങ്ങളിലൂടേ പ്രവഹിക്കുന്ന പൊതുജനവാത്സല്യവും കാരുണ്യവുമെല്ലാം ഉൾനാടുകളിൽ കിടന്നു ബുദ്ധിമുട്ടുന്ന സാധുക്കളുടെ ഇടയിലേക്കു തിരിച്ചുവിട്ടേ സമുദായവും രാജ്യവും നന്നാകയുള്ളു. വ്യത്യസ്തസമുദായങ്ങൾ തമ്മിൽ യാതൊരു മത്സരത്തിന്നും ഇടകൊടുക്കാതേ രാജ്യത്തിന്റെ ക്ഷേമാഭിവൃദ്ധിക്കായി എല്ലാവരും ഒത്തൊരുമിച്ചു പ്രവൎത്തിച്ചാലേ സമുദായങ്ങൾക്കെല്ലാം ഉൽഗതിയുണ്ടാകയുള്ളു. ഈ വിഷയങ്ങളിലാണ് എല്ലാ സമുദായസ്നേ

ഹികളും ശ്രദ്ധവെക്കേണ്ടത്. ദേശാഭിമാനികൾ മാത്രമേ സമുദായസ്നേഹികളായിത്തീരുകയുള്ളു.

എന്നാമ്മായ്യ.

—പി. എൻ. നമ്പൂതിരി.

## ഒററുകാരുടെ ഇടയിൽ.

ജർമ്മൻ ഒററുകാരെപ്പററി ഒരു ലേഖനം ആത്മപോഷിണിയിൽ ഈയിടെ വായിക്കുവാനിടയായി. അപ്പോഴാണ് എനിക്ക് അവരിൽ രണ്ടുപേർ നിമിത്തം പററിയ ചില ചില്ലറ അപകടങ്ങളെ വിവരിക്കുന്നതു 'പോഷിണീ'വായനക്കാരിൽ ചിലൎക്കെങ്കിലും രസകരമായേയ്ക്കാമെന്നു തോന്നിയത്.

* * * *

വാരാന്തദിവസങ്ങൾ ലണ്ടനിൽ പോയി കൊണ്ടാടുക എന്നത് ആക്സ്ഫോർഡിലുള്ള വിദ്യാൎത്ഥികളുടെ ഒരു പതിവാണ്. അതനുസരിച്ചു കഴിഞ്ഞ ആണ്ടിൽ ജനുവരിമാസത്തിലൊരിക്കൽ, വിമാനസൈന്യത്തിലേ, ലെഫ്റ്റനൻറായ ഒരു സ്നേഹിതനോടുകൂടി ഞാൻ ശനിയാഴ്ച ഉച്ചതിരിഞ്ഞു ലണ്ടനിൽ ചെന്നുകൂടി. തീവണ്ടിസ്റ്റേഷ്യനിൽനിന്ന് ഇറങ്ങിയ ഉടൻതന്നെ ലണ്ടനിലെ പ്രധാനസ്ഥലമായ പിക്കഡില്ലി എന്ന പ്രദേശത്തെയ്ക്കാണ് തിരിച്ചത്. അവിടെയുള്ള പ്രസിദ്ധമായ കഫേ റായിൽ (Cafe Royale) എന്ന സ്ഥലത്താണ് ഞാൻ സ്നേഹിതരെ കണ്ടുകൂടാറുള്ളത്.

കാഫേ് റായിൽ അതിവിശേഷമായ ഒരു സങ്കേതസ്ഥലമാണ്. അവിടെ പലതരക്കാരായ ആളുകൾ എല്ലായ്പോഴും ഉണ്ട്. കവികൾ, ചിത്രമെഴുത്തുകാർ, പ്രഭുക്കൾ, രാജകുമാരന്മാർ, വേശ്യകൾ, മോഹിനികൾ തുടങ്ങി അങ്ങേ അററം മുതൽ ഇങ്ങേ അററം വരെയുള്ള ആളുകൾ കൂടുന്ന ഒരു സ്ഥലമാണ് അത്. ഓസ്കാർ വൈൽഡ് എന്ന സാഹിത്യകാരൻ പതിവായി ഇരിക്കാറുണ്ടായിരുന്ന ഒരു സ്ഥാനം, ഇപ്പോഴും അതുപോലെ തന്നെ പ്രസിദ്ധിയുള്ള ഒരു കവി തനിക്കുതന്നെയായി വാങ്ങിവെച്ചിട്ടുണ്ട്.

ഞാനും ലെഫ്റ്റനൻറു ബ്രൌണും കൂടി റീജൻറുസ്ട്രീററിന് അഭിമുഖമായുള്ള വാതിലിൽകൂടി കടന്നു സാമാന്യം പ്രധാനമായ ഒരു സ്ഥാനത്തു ചെന്നിരുന്നു. അല്പം കഴിഞ്ഞപ്പോൾ ഒരു ൨൦—൨൨ വയസ്സു പ്രായമുള്ള ഒരു യുവതി ധൃതിപ്പെട്ട് ആ ഹാളിലേയ്ക്കു വന്നു. മദ്ധ്യത്തിൽ വന്നു ചുററും നല്ലവണ്ണം നോക്കിയശേഷം, ഞങ്ങൾ രണ്ടാൾ ഇരുന്നിരുന്നതിൻെറ അടുക്കൽ വന്ന് ആസനസ്ഥയായി. കാഫേ് റായലിലേ മൎയ്യാദപ്രകാരം ആ സ്ത്രീയ്ക്കു എന്താണ് ഭക്ഷിപ്പാൻ വേണ്ടതെന്നു ഞങ്ങൾ അന്വേഷിക്കയും, ലഘുവായി എന്തോ ചി

ലത്തു കഴിച്ചശേഷം തമ്മിൽ വൎത്തമാനം പറയുന്നതിന് ആരംഭിക്കയും ചെയ്തു.

ആ സ്ത്രീക്ക് ഇംഗ്ലീഷു നല്ലവണ്ണം അറിഞ്ഞുകൂടായിരുന്നു; ഫ്രെഞ്ചു നന്നായി അറിയാം. എന്റെ സ്നേഹിതനു ഫ്രെഞ്ചു ലേശംപോലും അറിഞ്ഞുകൂടാ. എനിക്കു ഫ്രെഞ്ചു നന്നായി സംസാരിപ്പാൻ കഴികയില്ലെങ്കിലും, സാമാന്യം മനസ്സിലാകത്തക്ക രീതിയിൽ പറയുന്നതിനു കുഴപ്പമുണ്ടായിരുന്നില്ല. അതുകൊണ്ടു സംസാരം ഒട്ടുമുക്കാലും ഞാനും ആ സ്ത്രീയും തമ്മിലായിത്തീൎന്നു. ഉദ്ദേശം ഏഴുമണി ആയതോടുകൂടി എന്റെ സ്നേഹിതൻ മററു ചില ആവശ്യങ്ങൾ പ്രമാണിച്ച് എന്നെ വിട്ടു പിരിഞ്ഞു.

യുവതിയുടെ പേർ 'ബെൻഹിൽഡ' എന്നാണ്. ലന്തക്കാരിയാണെങ്കിലും പാരീസിലാണ് ഇതുവരെ താമസിച്ചിരുന്നത്. അവിടെ ചിത്രമെഴുത്തു പഠിക്കുകയായിരുന്നു. സ്വല്പമായി കവിതാവാസനയും ഉണ്ട്. ഇതിനും മേൽ, ഇററലി മുതലായ പ്രദേശങ്ങളിൽ പല തവണ സഞ്ചരിച്ച്, ഒന്നുരണ്ടു വൎഷങ്ങൾ കഴിച്ചിട്ടുണ്ട്. ഇത്രയുമൊക്കെ, ആ സ്ത്രീയുടെ സംസാരത്തിൽനിന്നു മനസ്സിലായി. അവൾ അതിസുന്ദരി ആയിരുന്നു എന്നു പറഞ്ഞാൽ അല്പപ്രശംസകൊണ്ടു ദൂഷിപ്പിക്കമാത്രമായിരിക്കും. അവളുടെ വൎത്തമാനവും അസാമാന്യമായി രസകരമായിരുന്നു. നാടകലോകത്തിൽ ഞങ്ങൾക്കു പൊതുവായി പല സ്നേഹിതന്മാരും ഉണ്ടെന്നും, എനിക്കു നല്ലവണ്ണം പരിചിതയായ 'ലിയണോറാ' എന്ന പ്രസിദ്ധനടിയുടെ ഒരു പ്രത്യേക സ്നേഹിതയാണ് അവൾ എന്നും മനസ്സിലായപ്പോൾ ഞങ്ങൾ തമ്മിൽ ഉണ്ടായ പരിചയം മുറുകി എന്നുതന്നെ പറയണം. ഭക്ഷണം കഴിഞ്ഞു, ബിംങ്ങു ബായിസ് (Bing Boys) എന്ന ഒരു പ്രഹസനം കാണ്മാൻ പോയ് കളയാമെന്നും ഞങ്ങൾ തീൎച്ചയാക്കി.

ഏഴര മണിക്ക് അത്രതന്നെ ജനത്തിരക്കില്ലാതിരുന്ന ഒരു മൂലയിൽ എത്തി ഭക്ഷണം ആരംഭിച്ചു. അപ്പോഴാണ് എനിക്കു പണ്ടേ പരിചിതയായ ഒരു സ്നേഹിതയും സാമാന്യം പ്രസിദ്ധയായ ഒരു കവയിത്രിയും ആയ ലിലിയൻ ഷെല്ലി (Lilian Shelly) എന്ന യുവതി അവിടെ എത്തിയത്. ബെൻഹിൽഡയും ഞാനും ഇരിക്കുന്നതിനടുത്തുള്ള ഒരിടത്തു മിസ്സ് ഷെല്ലിയും ഇരുന്നു. സ്വല്പം കഴിഞ്ഞപ്പോൾ, ഒരു പരിചാരകൻ, മിസ്സ് ഷെല്ലി വേഗത്തിൽ കുറിച്ചുകൊടുത്ത ഒരെഴുത്തും കൊണ്ടുവന്നു. നാടകം കഴിഞ്ഞു ൧൧-½ മണിയോടുകൂടി മിസ്സ് ഷെല്ലിയെ ഞാൻ അത്യാവശ്യമായി അവിടെ കാണേണമെന്നു മാത്രമേ അതിൽ എഴുതീട്ടുണ്ടായിരുന്നുള്ളു. അപ്രകാരം ചെയ്യാമെന്നു ഞാനും ഏററു.

നാടകം വളരെ നന്നായി. ബെൻഹിൽഡ വളരെ നേരംപോക്കായി പലതും സംസാരിക്കയും ഞങ്ങൾ സസന്തോഷം അടുത്ത നാളത്തേയ്ക്കു വേണ്ട ഏൎപ്പാടുകൾ ചെയ്തു ൧൧ മണിയോടുകൂടി പിരികയും ചെയ്തു.

ഉടൻതന്നെ ഞാൻ കാഫേറായിലിൽ മടങ്ങിയെത്തി. അവിടെ ലിലിയൻ എന്നെ പ്രതീക്ഷിച്ച് ഇരിപ്പുണ്ടായിരു

നും "ബെൻഫിൽഡയോടുകൂടി നിങ്ങളെ ഇനിയും ഒരിക്കലും കാണരുത്" എന്നാണ് ലിലിയൻ ആദ്യമായി പറഞ്ഞത്. നാളെ വൈകുന്നേരം മറേസ് (Murray's) എന്ന നടനക്ലബ്ബിൽ (Dancing Club) അവളെ കൊണ്ടുപോകാമെന്നു ഞാൻ ഏററുപറഞ്ഞിട്ടുണ്ടെന്നും, ചായസമയം തുടങ്ങി രാത്രി ൧൨ മണിവരെ ഞങ്ങൾ അവിടെത്തന്നെ ഉണ്ടായിരിക്കുമെന്നും ഞാൻ മറുപടി പറഞ്ഞു. മറേസ് ലണ്ടനിലെ പ്രധാനമായ നിശാസമ്മേളനസ്ഥലമാണ് (Night Club). അവിടെ മെംബറന്മാർക്കും അവരുടെ സ്നേഹിതർക്കുമേ പ്രവേശിച്ചുകൂടു. ഞാനും ബെൻഫിൽഡയും കൂടി അടുത്തദിവസം വൈകുന്നേരം അവിടെപ്പോകാൻ ഏർപ്പാടു ചെയ്തിട്ടുണ്ടെന്നറിഞ്ഞപ്പോൾ ലിലിയൻെറ മുഖം കറുത്തു. "നിങ്ങൾ പോകരുത്; എന്തെങ്കിലും ഒഴിവു പറയണം" എന്നൊക്കെ ശഠിക്കാൻ തുടങ്ങി. 'പൊതുവിൽ സ്ത്രീകളസൂയയുള്ള കൂട്ടർ' എന്ന കവിവാക്യം വ്യാഖ്യാനിക്കയാണോ എന്ന് എനിക്കു സ്വല്പമായ സംശയം തോന്നാതിരുന്നില്ല. പക്ഷേ, ലിലിയനും ഞാനും തമ്മിൽ പരിചയമായിട്ട് ഏകദേശം മൂന്നു കൊല്ലമായി. അതിന്നിടയിൽ എനിക്കു പല വലിയ ഉപകാരങ്ങൾ ആ സ്ത്രീ ചെയ്തുതന്നിട്ടുണ്ടെന്നുള്ളതു കൂടാതെ, അവളുടെ സ്നേഹിതകളായ പല കവയിത്രികളോടും പരിചയപ്പെടുത്തുകയും അവയിൽ ഒന്നിൽനിന്നും പിശകു വരാതിരിക്കത്തക്കവണ്ണം എൻേറയും അവരുടേയും നടത്തയെ നിയന്ത്രിക്കയും ചെയ്തിട്ടുണ്ട്. ഇതോർക്കുകയാൽ, എനിക്കു ലിലിയനോടു ലേശംപോലും നീരസമുണ്ടായില്ല. "ഏർപ്പാടു ചെയ്തുപോയല്ലോ; അതിൽനിന്നും പിൻവലിക്കുന്നതു മര്യാദയല്ല"— എന്നു മാത്രമേ ഞാൻ പറഞ്ഞുള്ളു.

മിസ്സ് ഷെല്ലി കുറച്ചുനേരം ആലോചിച്ചിരുന്ന ശേഷം മറുപടി പറഞ്ഞു:— "ആട്ടേ ഞാൻ കൂടി മറേസ്സിലേയ്ക്കു പോരുന്നതിനു നിങ്ങൾക്കു വിരോധമുണ്ടോ?" രണ്ടുപേർ രഹസ്യമാണ്; മൂന്നുപേർ പരസ്യമാണ് ( Two is company. There is crowd) എന്നു പഴംചൊല്ലായി, ഞാൻ ഉത്തരം പറഞ്ഞു.

"ശരി; എന്നാൽ ഒരു കാര്യം ചെയ്യു. നിങ്ങളുടെ കാർഡിൽ എൻെറ പേരെഴുതിത്തരുന്ന പക്ഷം ഞാൻ തനിയേ അവിടെ വന്നുകൊള്ളാം. കാരണം ചോദിക്കരുത്. നാളെ വിസ്തരിച്ചു പറയാം."

അതു ഞാനും സമ്മതിച്ചു. എൻെറ ഒരു കാർഡെടുത്തു, "മിസ്സ ലിലിയൻ ഷെല്ലിയേ എൻെറ അതിഥിയായി മറേസ്സ് ക്ലബ്ബിൽ പ്രവേശിപ്പാൻ അനുവദിക്കണം" എന്നു കുറിച്ചു, ലിലിയൻെറ കയ്യിൽ കൊടുത്തു.

Good night, Baby, എന്നു മാത്രമേ അവൾ പറഞ്ഞുള്ളു. ഞാനും അതുപോലെ ആശീർവ്വദിച്ചു. ൧൧ മണിയോടുകൂടി ഹോട്ടലിലേയ്ക്കു മടങ്ങി.

* * * * *

പിറേറന്നു നാലരമണിയോടുകൂടി ഞാൻ മറേസ്സ് ക്ലബ്ബിൽ ഹാജരായി. ബെൻഫിൽഡ ഒന്നു രണ്ടു മിന്നിട്ടു മുൻപ് അവിടെ എത്തിക്കഴിഞ്ഞിരുന്നു. അവൾ വലിയ ധൃതഗതിയായിട്ടാണ് പെരുമാറിയ

ത്. വസ്ത്രങ്ങൾ ഉത്സവോചിതങ്ങളായിരുന്നില്ല; തീവണ്ടിയാത്രയ്ക്കുപററിയതായിരുന്നു വേഷം. എനിക്കു സ്വല്പം ആശ്ചര്യമുണ്ടായി എങ്കിലും, ഒട്ടകലേ ഇരുന്നിരുന്ന ലിലിയൻ ദൂരേനോക്കി പുഞ്ചിരിതൂകുന്നതായിട്ടാണ് കണ്ടത്.

"എന്താണ് വിശേഷം" എന്നു ഞാൻ ബെൻഹിൽഡയോടു ചോദിച്ചു. "എനിക്കു ലിവർപൂളിലേയ്ക്ക് അടിയന്തരമായി പോകേണ്ടതുണ്ട്. ഏഴുമണി വണ്ടിയിൽ കയറണം എന്നാണ് തീച്ച്," എന്നവൾ മറുവടി പറഞ്ഞു.

അവളുടെ മുഖത്തു നിറം ലേശം പോലുമില്ലായിരുന്നു. എന്താണിത്ര ധൃതി എന്നു ഞാൻ ചോദിച്ചതിന്, അന്നത്തേ Evening News എന്ന പത്രം എന്റെ കയ്യിൽ തിരികയാണ് ചെയ്തത്. ഞാൻ അതു വിടൎത്തു നോക്കി. ഇംഗ്ലണ്ടും ഹോളൻഡുമായി യുദ്ധമുണ്ടാവാൻ ഇടയുണ്ട് എന്നു വലുതായ ശ്രുതി പരന്നിരിക്കുന്നു എന്നതിൽ കണ്ടു.

* * * * *

ഞങ്ങൾ വാൾട്ട്സും ടാംഗോയും ഫോക്സ്ട്രോട്ടും കളിച്ചു. അതിൽ ഒന്നിലും വൈമുഖ്യം അവൾ കാണിച്ചില്ല. ആറരമണിയായപ്പോൾ എനിക്കു പോകാറായി എന്നു പറഞ്ഞതനുസരിച്ചു ഞാൻ ഒരു ടാക്സിക്കു വിളിക്കയും, അവളെ അതിൽ കയററി അയയ്ക്കുകയും ചെയ്തു.

ഇംഗ്ലണ്ട്.

ലിലിയൻ ഇതെല്ലാം കണ്ടിരുന്നിരുന്നു. ഞാൻ തിരികെ അവളുടെ അടുക്കൽ ചെന്നപ്പോൾ, അവൾ, "നാളെ നിങ്ങളുടെ സ്നേഹിത ജയിലിലായിരിക്കും, അവൾ ഇപ്പോൾ ഇവിടെനിന്നു പോയത് എന്താണെന്നു അറിയാമോ?" എന്നു ചിരിച്ചുംകൊണ്ടു ചോദിച്ചു.

ഞാൻ ഉത്തരം പറഞ്ഞില്ല. ലിലിയൻ വീണ്ടും പറഞ്ഞു:-- "അവൾ ജൎമ്മൻ ചാരസൈന്യത്തിൽ ചേൎന്നവളാണ്." ഞാൻ വല്ലാതെ ഞെട്ടി, "അതു നിങ്ങൾ എങ്ങിനെ അറിഞ്ഞു?" എന്നു ചോദിച്ചതിന്നു "സ്വകാൎയ്യമായി പറയാം, ഞാൻ ഇംഗ്ലീഷുചാരസൈന്യത്തിൽ ചേൎന്നവളാണ്" എന്നായിരുന്നു മറുവടി.

ഞാൻ എഴുന്നേററു.

ലിലിയൻ എന്റെ കൈക്കു പിടിച്ചു. "ഈ ടാംഗോ കഴിഞ്ഞിട്ടു പൊയ്ക്കൊള്ളു" എന്നു സ്നേഹസൂചകമായി അപേക്ഷിച്ചു.

"ഇല്ല. ഇന്നത്തെയ്ക്ക് എനിക്കു മതിയായി."

* * * * *

തിങ്കളാഴ്ച കാലത്തേ പത്രത്തിൽ ഒരു വരി ഉണ്ടായിരുന്നു. "ജൎമ്മൻചാരസൈന്യത്തിൽ ഉള്ള ഒരു സ്ത്രീയെ ലണ്ടൻ-ലിവർപൂൾതീവണ്ടിയിൽ വെച്ചു പിടികിട്ടിയിരിക്കുന്നു."

ഞാൻ പത്രം താഴത്തിട്ടു.

— എം. പി. ചാലയിൽ.

# * പരിത്യാഗം.

(ഒരു കഥ)

ഫാൽഗുനമാസത്തിലെ പൌർണ്ണമി. മാധവമാരുതൻ മന്ദമന്ദം മണത്തോടുകൂടി വീശിക്കൊണ്ടിരുന്നു. കുളത്തിൻകരയ്ക്കുള്ള ഒരു തേന്മാവിന്മേലിരുന്നു പാടുന്ന കുയിലുകളുടെ മധുരസ്വരം മുക്കുഞ്ജികുടുംബക്കാരുടെ ശയനമുറിയിൽ പ്രവേശിച്ചു. ആ മുറിയിൽ ഹേമന്തൻ, പ്രിയതമയുടെ തലമുടിയെ സലീലം അംഗുലികളിൽ ചുററിയും അവളുടെ കയ്യിലിട്ടിരുന്ന തരിവളകൾ കുലുക്കിയും തലയിൽ ചൂടിയിരുന്ന മുല്ലമാല വലിച്ചിഴച്ചു മുഖത്തു വീഴ്ത്തിയും ഓരോ നർമ്മവിലാസങ്ങൾ കൊണ്ടാടുകയായിരുന്നു. മന്ദമാരുതൻ പുഷ്പിതയായ ഒരു ലതയോടെന്നപോലെ, ഹേമന്തൻ അവളോടിങ്ങിനെ പെരുമാറിയത് അവളെ ഉല്ലസിപ്പിക്കുവാനുദ്ദേശിച്ചായിരുന്നു. എങ്കിലും, 'കുസുമ' കേവലം നിശ്ചലയായിരുന്നതേ ഉള്ളൂ. ചന്ദ്രികാധവളിതയായ പ്രകൃതിയെ നിർന്നിമേഷയായി നോക്കിക്കൊണ്ടിരുന്ന അവൾ ഭർത്തൃലാളനകളെ ഗണിച്ചില്ല.

ഒടുവിൽ, ഹേമന്തൻ പ്രിയതമയുടെ കൈ രണ്ടും പിടിച്ചു, മന്ദമായി കുലുക്കിക്കൊണ്ട് ഇപ്രകാരം പറഞ്ഞു:— "കുസുമേ, നീ ഇപ്പോൾ ഏതു ദിക്കിലാണ്? ഒരൊന്നാന്തരം ദൂരദർശിനിക്കുഴൽ വെച്ചു നോക്കിയാൽ കൂടി, അണുപ്രായമായിട്ടേ നിന്നെ കാണ്മാൻ എനിക്കു സാധിക്കൂ; നീ അത്ര അകലെയാണ്. എന്റെ പ്രാണനാഥേ! അടുത്തു വരൂ. ഈ രാത്രി എത്ര മനോഹരമായിരിക്കുന്നു!"

കുസുമ പ്രകൃതിയുടെ മുഖത്തുനിന്നു നോട്ടം തിരിച്ചു, ഭർത്താവിനെ നോക്കി ലോലസ്വരത്തിൽ മറുപടിപറഞ്ഞു:— "ഒരു നിമിഷനേരംകൊണ്ട് ഈ രാത്രിയേയും, ചന്ദ്രനെത്തന്നെയും, തവിടുപൊടിയാക്കുവാൻ ശക്തിയുള്ള ഒരു മന്ത്രം എനിക്കറിയാം."

ഹേമന്തൻ:— "അതു ശരിയായിരിക്കാം. എങ്കിലും ആ മന്ത്രം ഇവിടെ പ്രയോഗിക്കാതിരിക്കണേ! ഒരാഴ്ചയിൽ മൂന്നോ നാലോ ശനിയാഴ്ചകളെ ഒന്നായി വരുത്തുവാനോ, രാത്രിയുടെ അവധി പിറേറന്നു വൈകുന്നേരം വരെ നീട്ടുവാനോ മറേറാ വല്ല മന്ത്രവും ഉണ്ടെങ്കിൽ അതു പ്രയോഗിച്ചാൽ നന്ന്."

ഇത്രയും പറഞ്ഞു ഹേമന്തൻ കുസുമയെ ആശ്ലേഷിച്ചു. അവൾ അതിന്നു വഴിപ്പെടാതെ പിന്മാറിക്കളഞ്ഞു.

"എന്റെ ജീവിതരഹസ്യത്തെ മരണസമയത്തല്ലാതെ ഞാൻ അങ്ങയോടു പറയുന്നതല്ലെന്നു മുമ്പൊരിക്കൽ പ്രതിജ്ഞ

* സർ രവീന്ദ്രനാഥടാഗോറുടെ ഒരു കൃതിയുടെ ഭാഷാന്തരം.

ചെയ്തത് കാക്കന്നുണ്ടായിരിക്കാം. എന്നാൽ ആ ശപഥത്തെ ഇന്നു ലംഘിക്കേണമെന്നാണ് ഞാൻ വിചാരിക്കുന്നത്. അതു കേട്ടിട്ട് എനിക്കെന്തു ശിക്ഷ വിധിച്ചാലും വേണ്ടില്ല; ഞാനതിന്നു തെയ്യാറാണ്."

ഹേമന്തൻ ജയദേവരുടെ കൃതിയിൽനിന്ന് ഒരു പദം പാടി, തന്റെ ശിക്ഷാസമ്പ്രദായത്തെപ്പററി പ്രസംഗിക്കുവാൻ ഭാവിക്കുകയായിരുന്നു. അപ്പോൾ, ആരോ ബദ്ധപ്പെട്ട് അകത്തെയ്ക്കു കടന്നു വരുന്ന ശബ്ദം കേട്ടു. അതു ഹേമന്തന്റെ അച്ഛൻ ഹരിഹരമുക്കൎജ്ജിയായിരുന്നു. അച്ഛന്റെ ബദ്ധപ്പാടിന്റെ അൎത്ഥം അറിയാതെ ഹേമന്തൻ അന്ധാളിച്ചുവശായി.

ശയനമുറിയുടെ വാതിലിന്നരികെ നിന്നുകൊണ്ടു ഹരിഹരൻ ഇങ്ങിനെ ഗൎജ്ജിച്ചു:—

"ഹേമന്ത! നിന്റെ ഭാൎയ്യയെ ഈ നിമിഷം ഇവിടന്നു പുറത്താക്കണം!"

ഹേമന്തൻ ആശ്ചൎയ്യപരതന്ത്രനായി കുസുമയുടെ മുഖത്തു നോക്കി. അവൾക്കു യാതൊരു ഭാവഭേദവും ഉണ്ടായിരുന്നില്ല. അവൾ മുഖത്തെ ഉള്ളംകൈകൊണ്ടു മറച്ചു. നിന്ന നിലയിൽതന്നെ അന്തൎദ്ധാനം ചെയ്വാൻ അവൾ ആഗ്രഹിച്ചു. കോകിലങ്ങൾ യഥാപൂൎവ്വം പാടിക്കൊണ്ടിരുന്നു. എങ്കിലും അവിടെ കൂടിയിരുന്നവർ അതൊന്നും കേട്ടിരുന്നില്ല.

## II

പുറത്തുപോയി തിരിച്ചുവന്ന ഹേമന്തൻ ഭാൎയ്യയോട്, "ഇത് വാസ്തവമാണോ?" എന്നു ചോദിച്ചു.

കുസുമ:— അതേ.

ഹേമന്തൻ:— ഇതേവരെ എന്നോടു പറയാതിരുന്നതെന്തേ?

കുസുമ:— ഞാൻ പലപ്പോഴും പറവാൻ ശ്രമിച്ചു നോക്കി. എങ്കിലും ധൈൎയ്യം മതിയായില്ല. ഞാനൊരു മഹാപാപിയാണ്.

ഹേമന്തൻ:— എന്നാൽ അതിപ്പോൾ പറയൂ.

ധീരസ്വരത്തിൽ കുസുമ തന്റെ പൂൎവ്വചരിത്രം പറഞ്ഞുതുടങ്ങി. ഇത് അവൾക്ക് എത്രയോ താപകരമായിരുന്നു. അവളുടെ കഥ മുഴുവനും കേട്ടശേഷം ഹേമന്തൻ എഴുന്നേററു പുറത്തെയ്ക്കു പോയി.

തന്റെ ഭൎത്താവ്, "ഇങ്ങിനി വരാതവണ്ണം" തന്നെ ഉപേക്ഷിച്ചുപോയതാണെന്നു കുസുമ വിചാരിച്ചു. അവൾക്ക് അതിനെപ്പററി ലേശംപോലും അത്ഭുതം തോന്നിയില്ല. തന്റെ നിത്യജീവിതത്തിലെ ഒരു സംഭവംപോലെ മാത്രമേ അവൾ അതിനെക്കുറിച്ചു കരുതിയുള്ളു. അല്പം മുമ്പ് അവിടെ നടന്ന കാൎയ്യങ്ങൾ അവളുടെ മനസ്സിനെ അത്ര നിൎവ്വികാരമാക്കിത്തീൎത്തിരുന്നു. ലോകവും പ്രേമാവസ്ഥയും തീരെ അവാസ്തവവും അൎത്ഥരഹിതവും ആണെന്ന് അവൾ തീൎച്ചപ്പെടുത്തി — അതീതകാലങ്ങളിൽ, തന്റെ ഭൎത്താവു ചെയ്തിരുന്ന പ്രണയശപഥങ്ങളുടെ സ്മരണ, തന്റെ ഹൃദയത്തെ ഭേദിച്ച ഒരു ഖഡ്ഗത്തിന്റെ സ്മരണപോലെ, അസന്തോഷകരമായ അനുഭവത്തെ ഉണ്ടാക്കി— ആളുകളുടെ ജീവിതത്തിൽ പരിപൂൎണ്ണമായി വ്യാപിച്ച് അവരുടെ ഹൃദയാന്തരത്തിൽ അനിൎവ്വാച്യങ്ങളായ വികാ

രങ്ങളെ ഉൽപ്പാദിപ്പിക്കുന്നതും, ഏററവും ക്ഷണികമായ വിരഹത്തെക്കൂടി ദുസ്സഹമാക്കിത്തീക്കുന്നതും, നിമിഷനേരത്തെ സമാഗമത്തെ പരമാനന്ദതുന്ദിലമാക്കുന്നതും കാലദേശാവധികളിൽ നിന്നു നിമ്മുക്തമായിട്ടുള്ളതും, ജന്മജന്മാന്തരങ്ങളിൽ പോലും വിലയം ഭവിക്കാത്തതും ആണെന്നു സാധാരണമായി വിശ്വസിക്കപ്പെടുന്ന പ്രേമം, സാക്ഷാൽ അനുഭവത്തിൽ, എത്രയോ ശിഥിലമായ ഒരവസ്ഥയാണെന്നു കസുമയ്ക്കു ബോദ്ധ്യപ്പെട്ടു. അനശ്വരമെന്നും മററും കരുതപ്പെട്ടിരുന്ന പ്രേമബന്ധം നിർദ്ദയന്മാരായ വൈദികന്മാരുടെ അഭിപ്രായം നിമിത്തം ക്ഷണനേരംകൊണ്ടു പൊടിയായിത്തീരുന്നു!

രാത്രിയുടെ രാമണീയകത്തെപ്പററി ഹേമന്തൻ സ്തുതിച്ചിട്ടു നേരം ഏറെയായിട്ടില്ല— ആ രാത്രി ഇനിയും അവസാനിക്കാറായിട്ടില്ല. കുയിലുകളുടെ പാട്ടും, തെക്കൻകാററിൻെറ വിലാസവും ഇനിയും വിരമിച്ചിട്ടില്ല. വിലാസാലസയായിത്തീൎന്ന ഒരു സുകുമാരിയെപ്പോലെ, ചന്ദ്രിക, പ്രശാന്തമായി, ആ ശയനമുറിയിലെ ശയ്യാതലത്തിൽ പരിലസിച്ചു. എങ്കിലും കുസുമയുടെ അഭിപ്രായത്തിൽ, ഈ പ്രകൃതിവിലാസമെല്ലാം അയഥാൎത്ഥവും പ്രേമം എന്നും മററും പറയുന്നതു് ഒരുവക വ്യാജവും ആയിരുന്നു.

(തുടരും)

മദരാശി

—വി. ഉണ്ണിക്കൃഷ്ണൻ നായർ.

## 'അസാംഗത്യ'ത്തിലെ അസാംഗത്യം.

'ആത്മപോഷിണി'യുടെ ധനുലക്കത്തിൽ 'അമ്പുനായർ' എന്ന പുസ്തകത്തെപ്പററി ശ്രീമാൻ കുഞ്ഞിക്കണ്ണൻ വിമശനം ചെയ്ത കൂട്ടത്തിൽ, വിമശകനു തോന്നിയതായി പ്രസ്താവിച്ച ഒരു അസാംഗത്യത്തിനു് 'അമ്പുനായ'രുടെ കത്താവു തന്നെ 'ഒരു അസാംഗത്യം' എന്ന തലവാചകത്തിൽ ഒരു ഖണ്ഡനം എഴുതികണ്ടു. 'അമ്പുനായർ', നിരൂപണം, ഖണ്ഡനം, എന്നിവ മൂന്നും വായിച്ചുനോക്കിയതിൽ എനിക്കു് ആ ഖണ്ഡനം ഒരു 'ഖണ്ഡന'മായി തോന്നിയില്ല. അതിന്നുള്ള കാരണം എൻെറ 'ഭാവനാശക്തിക്കുറവു' തന്നെയായിരിക്കാം. എന്നാൽ, അതിൽ എനിക്കു തോന്നിയ അസാംഗത്യമിന്നതാണെന്നു പറയാതെ ഭാവനാശക്തിക്കുറവുള്ളതു കാണ്മാൻ കഴിയുന്നതല്ലല്ലോ. അതുകൊണ്ടു് അതിനെ സംബന്ധിച്ചു മാത്രം ഒന്നു രണ്ടു വാക്കുകളിവിടെ പറഞ്ഞുകൊള്ളട്ടെ.

അമ്പുനായരുടെ പണം ചിലവിട്ടു തൻെറ പേരിൽ ഗവൎണ്ണൎക്കു വിരുന്നുകഴിപ്പാൻ പുറപ്പെട്ട ശേഖരൻനമ്പ്യാരുടെ ജാടയറിഞ്ഞു കോപാന്ധനായിത്തീൎന്ന അമ്പുനായർ നമ്പ്യാരെ അന്വേഷിച്ചു തൻെറ തോട്ടത്തിലെയ്ക്കു ചെല്ലുമ്പോൾ, നമ്പ്യാർ കൂട്ടരോടുകൂടിയിരുന്നു വെടിപറയുന്ന കൂട്ടത്തി

ൽ അമ്പുനായരെപ്പററി കലശലായി ദ്വേഷിക്കയാണ്; അതു കേട്ട ശത്രുഘ്നനീഭവിച്ച സംരംഭത്തോടുകൂടി അമ്പുനായർ സർവ്വരേയും ശകാരവർഷംകൊണ്ടു കുളിപ്പിക്കുന്നു. തൽക്ഷണം സ്നേഹിതനായ നാരായണമേനോൻ വന്നു, 'തൽക്കാലം ക്ഷമിക്കണം' എന്നു പറയുമ്പോഴേയ്ക്കു് അമ്പുനായർ 'സംഹാരരുദ്ര'ത്വമെല്ലാം നീങ്ങി ശാന്തനായിത്തീർന്നു ലോകസ്വഭാവത്തിന്നു തീരെ യോജിക്കാത്തതാണ്. കോപാന്ധനായിത്തീർന്ന ഒരാൾ തൽക്കാലത്തെ മനോഭാവത്തിന്നു നേരെ വിരുദ്ധമായ ഒരു ഭാവത്താൽ ആകൃഷ്ടനാകാതെ എങ്ങിനെയാണ് പ്രകൃതിസ്ഥനാകുന്നത്? മിസ്റ്റർ കുഞ്ഞിക്കണ്ണൻ കണ്ടെത്തിയ ഈ അസാംഗത്യം ശരിയല്ലെന്നു കാണിപ്പാനും "പുസ്തകം വായിച്ചിട്ടു വേണം വിമർശമെഴുതാ"നെന്ന് ഉപദേശിച്ച സ്നേഹിതന്നു വന്നുപോയ 'ഭാവനാശക്തിക്കുറവു്' തീർക്കാനുമായിട്ടാണ് മിസ്റ്റർ കുമാരന്റെ പുറപ്പാട്. ഇവിടെ ഭാവനാശക്തിക്കുറവാർക്കാണെന്നും, പുസ്തകം വായിച്ചിട്ടുതന്നെയോ താൻ സമാധാനമെഴുതിയതെന്നും ലേഖകൻ ആലോചിക്കേണ്ടതായിരുന്നു!

അസാംഗത്യമില്ലെന്നു കാണിപ്പാൻ വേണ്ടി പറയുന്ന കൂട്ടത്തിൽ ഇങ്ങിനെ പറയുന്നു:— "ഒന്നാമത്തു നാരായണമേനവൻ 'തൽകാലം ക്ഷമിക്കണം' എന്നു മാത്രമല്ല പറഞ്ഞത്; ക്ഷമിക്കേണ്ടതിന്നുള്ള കാരണവും വിവരിച്ചു പറഞ്ഞിരുന്നു. തനിക്ക് അത്യന്തം സ്നേഹവും ബഹുമാനവും ഉള്ള ഒരാൾ ആവക അവസരങ്ങളിൽ പറയുന്ന ഉപദേശങ്ങൾ കേട്ടാൽ ഉടനെ കോപം ശമിക്കുന്നതിലും, ചെയ്യാൻ പോകുന്ന പ്രവൃത്തിയിൽനിന്നു വിരമിക്കുന്നതിലും യാതൊരു അസാംഗത്യവുമില്ല." ഇവിടെ ക്ഷമിക്കേണ്ടതിന്നുള്ള യഥാർത്ഥകാരണം, തെററുകാരൻ തെററു ചെയ്തിട്ടുള്ളതു ബുദ്ധിക്കുറവുകൊണ്ടാകയാൽ കല്പിച്ചുകൂട്ടിയല്ല എന്നു വെളിപ്പെടുന്നതാണല്ലോ. ആ സ്ഥിതിക്കു, പ്രകൃതത്തിൽ നമ്പ്യാർ വഞ്ചനയ്ക്കുത്സാഹിച്ചതു ബുദ്ധിപൂർവ്വകമല്ലെന്നു നാരായണമേനവൻ വെളിപ്പെടുത്തിക്കൊടുക്കേണ്ടതായിരുന്നു. അങ്ങിനെ ചെയ്തുകാണാത്തതുകൊണ്ട് അമ്പുനായരുടെ കോപം ക്ഷണേന ശമിച്ചതെങ്ങിനെ എന്നു മനസ്സിലാകുന്നില്ല. വാസ്തവത്തിലിവിടെ നമ്പ്യാർ ചതി ചെയ്തിട്ടുള്ളതു ബുദ്ധിപൂർവ്വകം തന്നെയാണ്. ഏതായാലും, ഇങ്ങിനെ ഒരു സമാധാനം പറഞ്ഞിട്ടും സമാധാനം വരാതെ, ഗ്രന്ഥകർത്താവ് അധികത്തെളിവിന്നു വേണ്ടി ഉത്തരരാമചരിതത്തിലെ ഒരു ഘട്ടമുദാഹരിച്ചു മഹാകവി ഭവഭൂതിയെ കൂട്ടുപിടിപ്പാനാണ് പിന്നീടു ശ്രമിക്കുന്നത്. അധികത്തെളിവ് അവിശ്വാസത്തിന്നു കാരണമാണെന്ന തത്ത്വം ഇരിക്കട്ടെ. ഉത്തരരാമചരിതത്തിലെ ആ സന്ദർഭത്തിന്നും, 'അമ്പുനായരി'ലെ ഈ പ്രകൃതത്തിന്നും തമ്മിൽ എന്തൊരു സാദൃശ്യമാണുള്ളത്? ജനകരാജാവു സീതാപരിത്യാഗവൃത്താന്തം അന്നുതന്നെ അറിഞ്ഞിരിക്കുന്നു. പിന്നീടു ൧൨-കൊല്ലം കഴിഞ്ഞിട്ടാണ് വാല്മീകിയുടെ ആശ്രമത്തിൽച്ചെല്ലുന്നതും അവിടെവെച്ചു സീതാപ്രസ്താവം വന്നപ്പോൾ കോപിക്കുന്നതും. 'ഘോരവജ്രപ്രഹരസദൃശമീദൃശം മോത്തേത്താള്ളിക്കുന്നതാണ് ജനകന്റെ ക്രോധാഗ്നി. അമ്പുനായരാവട്ടെ ശേഖരൻനമ്പ്യാരുടെ ചതിയറി

ഞ്ഞ ക്ഷണത്തിലാണ് കോപിക്കുന്നത്. കാരണത്തിനു പഴക്കം കൂടുന്നിടത്തോളം കാര്യത്തിന്റെ ശക്തി കുറയുമെന്നുള്ളതിൽ രണ്ടു പക്ഷമില്ലല്ലോ. അതുകൊണ്ടു തന്നെ ജനകന്റെ ആ കോപത്തിനും, അമ്പുനായരുടെ ഈ കോപത്തിനും മഹത്തരമായ അന്തരമുണ്ടെന്നു സ്പഷ്ടമായി. ദുഃഖം കോപം മുതലായ മനോഭാവങ്ങൾ പഴകുന്നിടത്തോളം ദുർബ്ബലങ്ങളായിത്തീരുമെന്നതിനു ലോകമുദാഹരണമാണ്. ഇവിടെ ഒരു പൂർവ്വപക്ഷം കൊണ്ടുവരാവുന്നതാണ്: "പടഭ്രാവാഹി നവ ഇവ ചിരേണാപി ഹി ന മേ നികൃന്തന്മർമ്മാണി ക്രകച ഇവ മന്യുർവ്വിരമതി" (വളരെ കാലം കഴിഞ്ഞിട്ടും, പുതിയതെന്നപോലിരിക്കുന്ന എന്റെ മന്യു (കോപമോ, ശോകമോ) ഇനിയും വിരമിക്കുന്നില്ല.) എന്നാണ് ജനകൻ പറയുന്നത്. പഴകിയതുകൊണ്ടു ദുർബ്ബലമാകേണ്ടതാണെങ്കിലും കോപം ഒരു കണക്കിലും ശമിയ്ക്കായ്കയാൽ പുതിയതുപോലെ ഇരിക്കുന്നു എന്നു പറഞ്ഞതുകൊണ്ടു, ജനകന്റെ കോപവും, അമ്പുനായരുടെ കോപവും ഒരുപോലെയാണെന്നു സമർത്ഥിക്കുന്നതിൽ എന്താണസാംഗത്യം? ശരി: ജനകന്റെ കോപം കാലപ്പഴക്കംകൊണ്ടും ശമിക്കാത്തതിനുള്ള കാരണം സീതയിലുള്ള വാത്സല്യാതിരേകമാകുന്നു. വാത്സല്യത്തിന്റെ സ്ഥിതിയനുസരിച്ചാണ് ദുഃഖത്തിന്റേയും, കോപത്തിന്റേയും ഏറ്റക്കുറച്ചിലുകൾ. അപ്പോൾ, ജനകനുണ്ടായ കോപം വാത്സല്യമൂലകമാകയാലാണ് നവമായ്ത്തീർന്നതെന്നു സിദ്ധിക്കുന്നു. ൰൨ കൊല്ലം മുമ്പു കഴിഞ്ഞതായ സ്വപ്രിയപുത്രിയുടെ ദുശ്ശപരിന്നാമത്തെപ്പറ്റി കേട്ടപ്പോൾ ആദ്യം ജനകനുണ്ടായതു താപ*മാണ്. പിന്നീടാണ് കോപം ജനിച്ചത്. ആകയാൽ ജനകന്റെ കോപം ശോകാവേശത്താൽ ഉത്ഥാപിതവും, താപസംവലിതവുമാകുന്നു. അമ്പുനായരുടെ കോപം വാത്സല്യമൂലകമല്ലെന്നുള്ളതുകൊണ്ടു തന്നെ ജനകന്റെ കോപംപോലെയല്ലെന്നു സിദ്ധിക്കുന്നതിനാൽ, മുമ്പറഞ്ഞ പൂർവ്വപക്ഷം നിർമ്മൂലമെന്നു വരുന്നതാണല്ലോ. വാസ്തവത്തിൽ ഉത്തരരാമചരിതത്തിലെ ആ ഘട്ടം രൂക്ഷമായിട്ടുള്ളതല്ല; കുറെ കരുണമയമാണ്. അമ്പുനായരുടെ കോപമോ, നവമായ കാരണമവലംബിച്ചുണ്ടായതാകയാൽ പ്രബലവും ദുസ്സഹവുമാകുന്നു. ഇങ്ങിനെയിരിക്കെ, കരുണമയമായ ഉത്തരരാമചരിതത്തിലെ ഘട്ടവും ഏകാന്തരൂക്ഷമായ 'അമ്പുനായരി'ലെ ഈ സന്ദർഭവും ഒരുപോലെയാണെന്നു പറഞ്ഞാൽ വിശ്വസിക്കുന്നവർ വല്ലവരുമുണ്ടെങ്കിൽ അവർ ഒന്നുകിൽ പക്ഷപാതികൾ; അല്ലെങ്കിൽ ലോകസ്വഭാവം ഒട്ടും അറിഞ്ഞുകൂടാത്തവർ.

ഇനി ജനകന്റേയും, അമ്പുനായരുടേയും പ്രകൃതിയെപ്പറ്റിയാലോചിക്കുക. യാജ്ഞവൽക്യമുനിയിൽനിന്നു ബ്രഹ്മപാരായണം സിദ്ധിച്ചു രാഗദ്വേഷാദികളറ്റു സമചിത്തനായി മഹാജ്ഞാനിയായിത്തീർന്ന ജനകരാജർഷി-- ലൌകികധർമ്മങ്ങൾക്കടിമപ്പെടാത്ത നിസ്സംഗൻ— മകളുടെ കാര്യത്തിൽ രാമൻ യഥാർത്ഥത്തിൽ തെറ്റുകാരനല്ലെന്നു ബോധമുള്ള ആൾ—വിശേഷി

---

* അപത്യേ യത്താദൃഗ് ദുരിതമഭവത്തേന മഹതാ വിഷക്തസ്തീവ്രേണ വ്രണിതഹൃദയേന വ്യഥയതാ.
(ഉത്തരരാമചരിതം ൪-ാം അങ്കം ൯-ാം ശ്ലോകം)

ഷ്ഠം തപസ്വിനിയായ അരുന്ധതിയുടെ ശമപ്രയോജകമായ വാക്കു കേട്ടു കോപത്തിന്നവകാശമില്ലെന്നു കണ്ടപ്പോൾ ജാമാതാവായ രാമനിലും, 'ബാലസ്ത്രീ-വികല-ശിശു-മഹാവൃദ്ധരു'ൾപ്പെട്ട പൌരന്മാരിലും 12 കൊല്ലം മുമ്പുകഴിഞ്ഞ സംഗതിയെസ്സംബന്ധിച്ചിട്ടുണ്ടായതും ദുർബ്ബലവും, താപസംവലിതവുമായ കോപം പരിത്യജിച്ചതു പോലെയാണ്, ഏതാനും വർത്തമാനപത്രങ്ങൾ വായിച്ചോ, അഞ്ചാറു കാവ്യങ്ങൾ പഠിച്ചോ അറിവുനേടിയ അമ്പുനായർ—കാമക്രോധാദികളുടെ കളിപ്പാവ-മതിയായ കാരണത്താൽ ദ്വേഷ്യം പിടിച്ചു നാഡികളിൽ രക്തം തിളച്ചു കയറി രൂക്ഷനായിത്തീൻ ഒരാൾ—ഒരു സാധാരണസ്നേഹിതനായ നാരായണമേനോൻ വന്നു, 'ക്ഷമിക്കയാണ് നല്ലതെന്നു' പറഞ്ഞ ക്ഷണത്തിൽ, സർവ്വാത്മനാ വഞ്ചകനായി അപരാധിയായിരിക്കുന്ന നമ്പ്യാരുടെ പേരിൽ പ്രബലമായി ജനിച്ച കോപം പെട്ടന്നു വെടിഞ്ഞതെന്നു മിസ്റ്റർ കുമാരനല്ലാതെ മറ്റൊരാൾ വിചാരിക്കുകയോ, പറകയോ എഴുതുകയോ ചെയ്യുമെന്നു തോന്നുന്നില്ല. ബ്രഹ്മതത്വം കണ്ട മഹാജ്ഞാനിയായ ജനകനേയും, സാംസാരികനായ അമ്പുനായരേയും തമ്മിൽ തുലനം ചെയ്വാൻ തരിമ്പും മടിക്കാത്ത ലേഖകൻ മനശ്ശാസ്ത്രത്തിന്നു പ്രതികൂലമായി പറഞ്ഞ തെറ്റിന്നു മഹാകവി ഭവഭൂതിയെ കുറ്റപ്പെടുത്തി തന്നെപ്പോലെ കുറ്റക്കാരനാക്കിയതിൽ എന്താണ് ആശ്ചര്യപ്പെടാനുള്ളത്? സഹായത്തിന്നൊരാളായി ഭവഭൂതിയെപ്പിടിച്ച് "ആശ്വസിച്ചു" തു കാണുമ്പോൾ, ആ മഹാകവിയെ ഇതിലുമധികം തെറ്റുകാരനാക്കിയില്ലല്ലോ എന്നാണ് എന്റെ 'ആശ്വാസം'. യശശ്ശരീരശേഷനായ ഭട്ടഭവഭൂതിയെ കുറ്റക്കാരനാക്കിയാൽ ചോദിപ്പാൻ ആളാരുമില്ലെന്നായിരിക്കും കുമാരനവർകളുടെ വിചാരം!

അധികം സ്നേഹബഹുമാനങ്ങളുള്ള ഒരാളുടെ വാക്കു കേൾക്കുമ്പോഴോ, അഥവാ അയാളെ കാണുമ്പോൾതന്നെയോ കോപം ശമിക്കുന്നതു സാധാരണമാണെന്നതിൽ ആർക്കും വിസമ്മതിയില്ല. പക്ഷെ, നാരായണമേനോൻ അമ്പുനായരുടെ പേരിൽ അത്ര വലിയ ഒരു സ്നേഹം പ്രദർശിപ്പിച്ചതായി പുസ്തകത്തിൽ കാണുന്നില്ല.

ലവന്നു ശ്രീരാമനെ കണ്ടപ്പോൾ സ്നേഹബഹുമാനങ്ങൾ ജനിപ്പാനും, അതിന്റെ ഫലമായി ഗർവ്വം നീങ്ങാനും, കലഹരുചി ശമിപ്പാനും കാരണം, അവർ തമ്മിലുള്ള ആഭ്യന്തരബന്ധമാണെന്ന തത്വം ഒരിക്കലും അപലപനീയമല്ല. ലവനെക്കണ്ടപ്പോൾ രാമന്നും എന്തെന്നില്ലാതെ ഒരു സ്നേഹപാരവശ്യമുണ്ടായി എന്ന് അദ്ദേഹംതന്നെ പറയുന്നുണ്ട്. "ഉണ്ടാം തീർത്ഥങ്ങളിൽപ്പോലൊരു മഹിമ മഹാന്മാരിലും ശ്രേഷ്ഠമായി" എന്ന അർത്ഥാന്തരന്യാസത്താൽ ലവന്റെ ഗർവ്വം നശിച്ചത് ആഭ്യന്തരബന്ധംകൊണ്ടല്ല, രാമന്റെ മാഹാത്മ്യംകൊണ്ടാണെന്നു പറഞ്ഞാൽകൂടി പ്രകൃതത്തിൽ ആ ഉദാഹരണം ഘടിക്കുന്നതല്ല. താദൃശമായ മഹത്വം എവിടെ? ഈ ഒരു സാധാരണമനുഷ്യനായ നാരായണമേനോൻ എവിടെ? ആകയാൽ നാരായണമേനവൻ 'ക്ഷമിക്കയാണ് നല്ലത്' എന്നു പറഞ്ഞ മാത്രയിൽ, അമ്പുനായർ കോപം പരിത്യജിച്ചതു ലോകസ്വഭാവ

ത്തിന്നനുഗുണം തന്നെ എന്നു സമ്മതിപ്പാൻ ഒരു വഴിയും കാണുന്നില്ല.

പുസ്തകങ്ങൾ വിമൎശിക്കുന്നവർ വളരെ പുസ്തകങ്ങൾ വായിച്ചിരുന്നാൽപോര; വായിക്കുന്ന പുസ്തകങ്ങളുടെ സാരം ശരിയായി ധരിക്കുക കൂടി വേണമെന്നു മിസ്റ്റർ കുമാരൻ സ്നേഹിതന്നുപദേശിക്കാഞ്ഞതിൽ യാതൊരു തെറ്റുമില്ല. ഉത്തരരാമചരിതത്തിന്റെ ഉള്ളറിഞ്ഞിട്ടല്ലല്ലോ ലേഖകൻ ഖണ്ഡനമെഴുതിയിട്ടുള്ളത്. പുസ്തകവിമൎശകന്മാർ പുസ്തകപാരായണം ചെയ്തവരായിരിക്കണമെന്നും അവൎക്ക് ഗ്രന്ഥകാരന്മാരെക്കാളധികം ലോകപരിചയമുണ്ടായിരിക്കണമെന്നും മനസ്സിലാക്കിയ ലേഖകൻ ലോകപരിചയം സമ്പാദിച്ചതിന്നു ശേഷം വേണം പുസ്തകമെഴുതാനെന്നും ഖണ്ഡനംചെയ്യുന്നതു പുസ്തകം വായിച്ചിട്ടു വേണമെന്നും കൂടി മനസ്സിലാക്കിയാൽ എത്ര നന്നായിരുന്നു!

പെരുമുടിയൂർ-

—സി. ശങ്കുണ്ണിനായർ.



# ഗ്രന്ഥവിഹാരം

## ൧ പ്രാചീനമലയാളമാതൃകകൾ.

### ഒന്നാം ഭാഗം

(പ്രസാധകൻ:— ഉള്ളൂർ എസ്. പരമേശ്വരയ്യർ, എം. എ., ബി. എൽ., എം. ആർ. എ. എസ്സ്; പ്രകാശകൻ:— മണക്കാട്ടു പി. നാരായണപിള്ള, തിരുവനന്തപുരം. വിലക. ൧)

---

"പ്രാചീനമലയാളമാതൃകകൾ" എന്ന പുസ്തകത്തിൽ രാമചരിതം, രാമകഥപ്പാട്ട് എന്നീ പഴയ കൃതികളുടെ ഏതാനും ഭാഗങ്ങളാണ് അടങ്ങിയിരിക്കുന്നത്. ഇവയിൽ രാമചരിതത്തിന്റെ കൎത്താവു രാമൻ എന്നു പേരായ ഒരു തിരുവിതാംകൂർ മഹാരാജാവാണെന്നും, ഇദ്ദേഹം പ്രസിദ്ധ തമിഴ് കവിയായ കമ്പരുടെ സമാനകാലീനനാണെന്നും ഊഹിക്കപ്പെട്ടിരിക്കുന്നു. കവി ആരെങ്കിലുമാവട്ടെ; കവിത കമനീയം തന്നെ എന്നു സഹൃദയന്മാരൊക്കെ ഒരുപോലെ സമ്മതിക്കും. ശബ്ദഭംഗിക്കും, അൎത്ഥചമല്ക്കാരത്തിന്നും ഉദാഹരണങ്ങളായി എടുക്കാവുന്ന ഭാഗങ്ങൾ ഈ ഗ്രന്ഥത്തിന്റെ ഏതു ഭാഗത്തും കാണുന്നുണ്ട്.

"അടൽ തൊട്ടതളവട്ടക്കിന്റരക്കരെക്കരുക്കവീരർ
കൊടിയ മാമലയും കുൻറിൻകൊട്ടുമുടികളേയുമേന്തി
പൊടിപെട്ടത്തറ മെറിന്തും പൊട്ടുപാടെ മരാമരങ്ങ-
ളുടൻടനെട്ടുത്തെറിന്തുമരമുടയുമാറടിത്തും."

എന്നും മറ്റുമുള്ള, ഏതാണ്ടു പച്ചമലയാളമെന്നു തന്നെ പറയാവുന്ന പദ്യങ്ങളിലെ രചനാഗുണവും ഓജസ്സും എത്ര പ്രശംസനീയമായിരിക്കുന്നു!

ഗ്രന്ഥത്തിന്റെ പേരു രാമചരിതം എന്നാണെങ്കിലും, രാമായണം യുദ്ധകാണ്ഡത്തിലെ കഥ മാത്രമേ, കവി, തന്റെ

വാഗ്വിലാസത്തിന്നു വിഷയമാക്കിയിട്ടുള്ളു. ഇതു തിരുവിതാംകൂറിലെ സൈന്യവകുപ്പിന്റെ ആവശ്യത്തിലേയ്ക്കായി ഉണ്ടാക്കിയതാണെന്നുള്ള ഐതിഹ്യം ശരിയാണെങ്കിൽ, വീരരൌദ്രരസപ്രധാനമായ യുദ്ധകാണ്ഡം മാത്രം സ്വീകരിച്ചതിന്നു വേറെ കാരണം അന്വേഷിച്ചു കഴിയൂ എന്നില്ല.

രാമചരിതത്തിലെ മുപ്പതു പടലങ്ങൾ ഇപ്പുസ്തകത്തിൽ ചേർത്തിട്ടുള്ളതിൽ കഥാഭാഗം കുംഭകർണ്ണന്റെ പടപുറപ്പാടുവരെയായിരിക്കുന്നു. ഒന്നു മുതൽ ഇരുപതുവരെ പടലങ്ങൾക്കു പ്രസിദ്ധപണ്ഡിതനും പ്രൌഢകവിയുമായ പ്രസാധകൻ ഒരൊന്നാന്തരം ടിപ്പണി എഴുതിച്ചേർത്തിട്ടുള്ളതുകൊണ്ടു, ഭാഷ തുലോം പഴയതാണെങ്കിലും, ഈ വിശിഷ്ടകാവ്യത്തിന്റെ സ്വാരസ്യം 'പുതുമോടി'ക്കാർക്കും നിർബാധമായി ആസ്വദിക്കാവുന്നതാണ്.

രാമായണകഥ മുഴുവനും സവിസ്തരം വർണ്ണിക്കുന്നതായ രാമകഥപ്പാട്ടിൽ, അയോദ്ധ്യാകാണ്ഡം രാമാഭിഷേകാരംഭംവരെയുള്ള ഭാഗമാണ് ഇപ്പുസ്തകത്തിലടങ്ങിയിരിക്കുന്നത്. രാമചരിതംപോലെ തന്നെ ഒരു വിശിഷ്ടകൃതിയായ രാമകഥപ്പാട്ടിന്റെ കർത്താവു, നെയ്യാററിൻകര താലൂക്കിൽ ഔവാട്ടുതുറ എന്ന സ്ഥലത്തു ജീവിച്ചിരുന്ന അയ്യപ്പിള്ള ആശാനാണ്. രാമചരിതവും രാമകഥയും തമ്മിൽ ഭാഷകൊണ്ടു സ്വല്പം വ്യത്യാസമില്ലാതെയില്ല; രാമചരിതം അന്നു കേരളത്തിൽ നടപ്പുണ്ടായിരുന്ന ഉത്തമഭാഷയിലും, രാമകഥ നാടോടിഭാഷയിലുമാണ് നിർമ്മിക്കപ്പെട്ടിരിക്കുന്നത്. ഇതിൽ ഇടയ്ക്കിടയ്ക്കു 'വിരുത്ത'ങ്ങളുള്ളതും ഒരു വിശേഷം തന്നെ.

പ്രാചീനസാഹിത്യത്തിൽ സ്ഥൂലമായ പരിജ്ഞാനമെങ്കിലുമില്ലാത്ത ഒരാളുടെ ഭാഷാവ്യുൽപ്പത്തിയെ വാസ്തവത്തിൽ വ്യുൽപ്പത്തി എന്നു പറഞ്ഞുകൂടാ; അതുകൊണ്ടു, നമ്മുടെ മാതൃഭാഷയുടെ മൂലസ്വത്തായ ഈ വക കൃതികളെ ഇന്നത്തെ സാഹിത്യരസികന്മാർ, കേവലം തമിഴെന്നു പറഞ്ഞു തള്ളാതെ, മനസ്സിരുത്തി വായിക്കേണ്ടതാണെന്നു ഞങ്ങൾക്കു തോന്നുന്നു. ഭാഷാചരിത്രാന്വേഷികൾക്കും, ഇപ്പുസ്തകം, അവരുടെ അന്ധകാരമയങ്ങളായ ദുർഗ്ഗമമാർഗ്ഗങ്ങളിൽ ഒരു പ്രകാശമേറിയ പ്രദീപമായിരിക്കും. ഇതിൽ ശ്രീമാൻ പരമേശ്വരയ്യർ എഴുതിയിട്ടുള്ള പ്രസന്നഗംഭീരമായ അവതാരികയിൽ അനേകം വിജ്ഞേയാംശങ്ങൾ അന്തർഭവിച്ചിട്ടുണ്ട്.

## ൨. മദ്ധ്യമലയാളമാതൃകകൾ.

[രണ്ടാം ഭാഗം.]

(പ്രസാധകൻ:— ഉള്ളൂർ എസ് പരമേശ്വരയ്യർ, എം. എ., ബി. എൽ., എം. ആർ. എ. എസ്സ്; പ്രകാശകൻ:— മണക്കാട്ടു പി. നാരായണപിള്ള, തിരുവനന്തപുരം. വില ക. ൧.)

---

ഈ പുസ്തകത്തിൽ, കൊല്ലം ആറാം ശതവർഷത്തിൽ ജീവിച്ചിരുന്നവരായ നിരണം കവികളിൽ ഒന്നാമനായ മാധവപ്പണിക്കരുടെ ഭാഷാഭഗവൽഗീതയും, മൂന്നാമനായ കണ്ണശ്ശപ്പണിക്കരുടെ ശിവരാത്രിമാഹാത്മ്യം എന്ന ഖണ്ഡകാവ്യവും അ

ടങ്ങിയിരിക്കുന്നു. മാധവപ്പണിക്കർ രാമായണകർത്താവായ സാക്ഷാൽ കണ്ണശ്ശപ്പണിക്കരെപ്പോലെ നവീനന്മാൎക്ക് അത്ര പരിചിതനല്ലെങ്കിലും, അദ്ദേഹം ഒരനുഗ്രഹീതനായ മഹാകവിയായിരുന്നു എന്ന് ഈ ഭഗവൽഗീത തന്നെ വിളിച്ചു പറയുന്നുണ്ട്. ആ കവികോകിലം ഗീതയുടെ ഉപക്രമത്തിൽ ഇപ്രകാരം വിനയമധുരമായി ഗാനം ചെയ്യുന്നു:—

“ഒരുപടി യോഗത്താലുള്ളിൽക്ക-
ണ്ടുത്തമനാകിയ വേദവ്യാസൻ—
തിരുവടി ചൊല്ലിയ പുണ്യപുരാണം
തികയെച്ചൊല്ലുവനെന്നു നിനച്ചതു,
പെരുമ തകും ശ്രീപാൽക്കടൽ കണ്ടു പി-
പീലി കുടിപ്പാൻ കരുതിയതൊക്കും;
ഗുരുജനമായ മഹാജനമിതിനൊരു
കുറ പറയായ്കെന്ന,ടിമലർ തൊഴുതേൻ.”

സകലോപനിഷൽസാരസൎവ്വസ്വമായ ഭഗവൽഗീത സംക്രമിച്ചിട്ടില്ലാത്ത ഒരു പരിഷ്കൃതഭാഷ ലോകത്തിലുണ്ടെന്നു തോന്നുന്നില്ല. എന്നാൽ, ഈ മാഹാത്മ്യമേറിയ ഗ്രന്ഥം സംസ്കൃതത്തിൽനിന്ന് ഒന്നാമതായി തൎജ്ജമചെയ്യപ്പെട്ടതു നമ്മുടെ ഭാഷയിലേയ്ക്കാണെന്നുള്ള വാസ്തവം, പ്രസാധകന്റെ അവതാരികയിൽ പ്രസ്താവിച്ചിട്ടുള്ളതു പോലെ, നമുക്ക് അനശ്വരമായ അഭിമാനത്തിന്നു കാരണമാണെങ്കിൽ, കേരളഭാഷ ഈ കവിരത്നത്തിന്ന് എത്രമാത്രം കടപ്പെട്ടിട്ടില്ല?

“‘ഭഗവൽഗീത’യ്ക്ക് ഇപ്പോൾ ഭാഷയിൽ പദ്യമായും ഗദ്യമായും പല തൎജ്ജിമകളുമുണ്ട്. എന്നിരുന്നാലും, കേരളീയർ, ആറുനൂറോളം കൊല്ലങ്ങൾക്കു മുമ്പ്, അന്യഭാഷകളിൽ ഈ വിശിഷ്ടഗ്രന്ഥം സംക്രാന്തമാകാതെ ഇരുന്ന ഒരു കാലത്ത്, അത് അവരുടെ ഭാഷയിൽ തൎജ്ജമചെയ്ത ഒരു കവിയെ ആദരിക്കുന്നതിലും, അദ്ദേഹത്തിന്റെ കവിത വായിച്ചു രസിക്കുന്നതിലും പരാങ്മുഖരാകയില്ലെ”ന്നു തന്നെയാണ് ഞങ്ങളുടേയും ദൃഢവിശ്വാസം.

ശിവരാത്രിമാഹാത്മ്യത്തെപ്പററി, തൽക്കർത്താവായ കണ്ണശ്ശപ്പണിക്കരുടെ രാമായണം വായിച്ചിട്ടുള്ളവരോടു വിശേഷിച്ചൊന്നും പറയേണ്ടതില്ല; കണ്ണശ്ശരാമായണത്തിലെ കവിതാഗുണങ്ങൾ ഗദ്യ-പദ്യങ്ങളടങ്ങിയ ഈ ഖണ്ഡകാവ്യത്തിലും അനൎഗ്ഗളമായി കളിയാടുന്നുണ്ട്.

നിൎത്തിവെപ്പാൻ പാടില്ലാത്ത നിരന്തരകൃത്യങ്ങളുടെ ഇടയിൽ, പാററയ്ക്കും ചിതലിനും തീററിയായി കിടന്നിരുന്ന ഈ മഹാഗ്രന്ഥങ്ങളെ തേടിപ്പിടിച്ചു, വായനക്കാരെ സൎവ്വഥാ സഹായിക്കുന്ന വ്യാഖ്യാനം നിൎമ്മിച്ചു, ഗ്രന്ഥങ്ങളുടെ പ്രശസ്തിക്കും തന്റെ വൈദുഷ്യത്തിന്നും അനുരൂപങ്ങളായ അവതാരികകളെഴുതിച്ചേൎത്തു പരക്കെ അനുഭവയോഗ്യങ്ങളാക്കിത്തീൎത്ത ശ്രീമാൻ പരമേശ്വരയ്യരുടെ പരിശ്രമമാണ് പരിശ്രമം! ഇദ്ദേഹത്തിന്റെ ഭാഷാഭിമാനമാണ്, ഭാഷാഭിമാനം!!

# സ്ത്രീകൾക്കു മാത്രം

സ്ത്രീകൾക്കു ബന്ധുലോധ്രം

ലോധ്ര എന്ന ഈ മരുന്നു സ്ത്രീകൾക്കു സാധാരണയായി ഋതുവായാകുന്ന സമയങ്ങളിലുണ്ടാവുന്ന കഠിനമായ വയററുനോവ്, മുട്ടുനോവ് (Menstrual Pain) മുതലായതിനെ ഇല്ലാതാക്കും, ശരിയായ പക്കങ്ങളിൽ ഋതുവായാവാതെയിരിക്കയോ (Irregular Menaes) ഋതുകാലങ്ങളിൽ അധികമൊ കുറച്ചോ ആവുകയോ (Moro or less discharge than usual) ഋതുവായാവാതെയിരിക്കയോ (Absence or Suppression of menses) ചെയ്യുന്നതിനെ ഭേദപ്പെടുത്തും. വെള്ളപോക്കു (Lencorrhaea) സന്താനമില്ലായ്മ (Sterlity) ഇതുസംബന്ധമായ ഉപദ്രവങ്ങളേയും ശമിപ്പിക്കും. സന്താനം ഇല്ലാതെ തപിക്കുന്ന സ്ത്രീകൾ ഇതു കുറച്ചു കാലം മാത്രം സേവിച്ചാൽ അധികം താമസിയാതെ ഗർഭം ധരിപ്പാനും ഇതു സഹായിക്കും.

വലിയ കുപ്പി ൧-൧൨ ക. ൩-൦-൦ ചെറിയ ടിക ൧-൧൦-൦

☞ വളരെ സ്ത്രീകൾ അശ്വത്ഥപ്രദിക്ഷണം, ഹനുമാൻ പ്രദക്ഷിണം, നാഗപ്രതിഷ്ഠ മുതലായതുകളാൽ സന്താനമുണ്ടാകാതെ, കടുവിൽ ഞങ്ങളുടെ 'ലോധ്രം' എന്ന സിദ്ധൌഷധം വാങ്ങി ഉപയോഗിച്ചു രത്നംപോലെയുള്ള സന്താനം ഉണ്ടായി സുഖം അനുഭവിച്ചുവരുന്നു. സേവിച്ചുനോക്കുവിൻ:

Apply to KESARI KUTEERAM
Bunder Street, MADRAS.


# ആത്മപോഷിണി

ഒരാണ്ടത്തെ വരിസംഖ്യ മുൻകൂർ ക ൨-൮-൦

## നിബന്ധനകൾ

൧. പഴയവരിക്കാർക്കു മാസിക വി. പി. അയയ്ക്കുമ്പോൾ വിവരം ൧൫-ദിവസത്തിന്നു മുമ്പായി അറിയിക്കുന്നതാണു. വി. പി. കയ്യേററുന്നതിന്നു സമ്മതമില്ലാത്തവർ അപ്പോൾ പണം മണി യാർഡർചെയ്യുക.

൨. മാസിക എല്ലാവരിക്കാർക്കും മലയാളമാസം ൩൦-ാം൹-കളിൽ അയച്ചുകൊടുക്കുന്നതായിരിക്കും. ഏതെങ്കിലും ലക്കം കിട്ടാതെവന്നാൽ വിവരം മട്ടുത്തമാസം ൧൫-ാം൹-ക്കുള്ളിൽ അറിയിക്കേണ്ടതാണു. ഇങ്ങനെയല്ലാതുള്ള അപേക്ഷകൾ ഗൌനിക്കുന്നതല്ല.

൩. വരിക്കാർ കത്തെഴുതുമ്പോഴും മണിയോർഡർ അയക്കുമ്പോഴും മേൽവിലാസത്തോടു ഏററവും അടുത്തുകിടക്കുന്ന അവരവരുടെ റജിസ്റ്റർനമ്പർ പ്രത്യേകം കാണിച്ചിരിക്കേണ്ടതാണു.

൪. മേൽവിലാസം മാറേണ്ട ഘട്ടുവിൽ അറിയിക്കാതിരിക്കുന്നതുനിമിത്തം വരുന്ന പിശകുകൾക്കു ഇവിടെ ഉത്തരവാദിത്വമില്ല.

ആത്മപോഷിണി മാനേജർ.

അങ്ങോട്ടും ഇങ്ങോട്ടും

# ഓടേണ്ടാ

ചഞ്ചലരഹിതനായിരിക്കു.

ബമ്മാന്റെ

# കർപ്പൂര ഗുളിക

വീട്ടിൽ വിഷൂചിക പിടിപെട്ടാൽ ഉടൻവേണ്ടത് ബമ്മാന്റെ ഈ ഗുളിക കൊടുക്കുക.

കുപ്പിക്കു ൧൲ ണ ഒന്നുമുതൽ ൧൨കുപ്പികൾവരെ തപാൽ ചിലവ് ൪ ണ.



# പുഴുക്കടി

അവലക്ഷണരോഗം!

ഡാക്കടർ ബമ്മാന്റെ പുഴക്കടിക്കുഴമ്പുകൊണ്ടു സുഖപ്പെട്ടു എല്ലാത്തരം ചൎമ്മരോഗങ്ങളും, മുഖക്കുരു, ചിരങ്ങ് ഇവയും ക്ഷണത്തിൽ ഭേദമാകും. പലരാലും പരീക്ഷിക്കപ്പെട്ടു സമ്മതിലഭിച്ചിട്ടുള്ള ഈ ഔഷധം ഉപയോഗിക്കുന്നതിൽ ഒട്ടും സംശയം വേണ്ട. യാതൊരുവിഷലാഞ്ഛനയും ഇതിലില്ല. മുണ്ടിന്മേൽ ആയാൽ മുണ്ടു കേടുവരികയുമില്ല. കുപ്പിക്കു ൰-ണ ഒന്നുമുതൽ ൩ കുപ്പിവരെ തപാൽ വിലവ് ൪-ണ.

**DR. S. K. BVRMAN,**
5, TARAOHAND DUTT'S STREET
CALCATTA

Agent
**KARTIK & CO.,**
33, South tank road, Madras

# കുട്ടികരഞ്ഞുമതി

കരപ്പ്‌നെക്കൊണ്ടു ചെറിയ കുട്ടികൾ അനുഭവിക്കുന്ന സങ്കടം ചില്ലറയല്ല. മാന്തുകയും നിലവിളിക്കുകയും തന്നെ! രാവെന്നും പകലെന്നുമില്ല കഷ്ടം! മാതാപിതാക്കന്മാർ എന്തു ചെയ്യും? ഒന്നു രണ്ടു തരം കഷായവും കൊടുത്തു സമാധാനപ്പെടും. ഫലമുണ്ടോ പോ ന്നു? ബാലകരപ്പൻ ഒരു ശിശുവിനെ പിടിപെട്ടുവെന്നു കണ്ടാൽ ഉടനെ വേണ്ടത്,

# കരപ്പനെണ്ണ

വാങ്ങിക്കുകയാണു. കുപ്പിക്കു വില ൧൨ ണ. അരക്കുപ്പിക്കു ൭ ണ.

എണ്ണ കുട്ടിയെ സേവിപ്പിക്കുന്നതു നന്നു്. ദിവസംതോറും അഞ്ചുതുള്ളി എണ്ണ പകൽസമയം എപ്പോഴെങ്കിലും കൊടുക്കുക.

മാനേജർ, മനോമോഹനം ആപ്പീസ്,
കുന്നംകുളം.

# അമൃതാഞ്ജനം

(റജിസ്റ്റേർഡ)

ഒരിക്കൽ പരീക്ഷിക്കുക! വിസ്മയകരമായ സുഖപ്രാപ്തി!

ലോകവിശ്രുതമായ

# വേദനസംഹാരി

തലവേദന, വാതം, പക്ഷവാതം, അംഗങ്ങളിൽ വേദന, മൂലക്കുരു, മുറിവ് ഉളുക്ക, തീപ്പൊള്ളൽ, ജലദോഷം, കുര, നീരവീഴ്ച, പല്ലുവേദന, പുറത്തുകടച്ചൽ—മുതലായ സകലവിധ വേദനകളേയും ശമിപ്പിക്കും.

ശുദ്ധമായ സസ്യവർഗ്ഗങ്ങളിൽനിന്നു ഉണ്ടാക്കിയതു്. ഇന്ത്യയിൽ ഏതു മരുന്നുഷാപ്പിലും കിട്ടും. ഒരുഡെപ്പിക്കു വില ൮ ണ മാത്രം.

# വട്ടച്ചൊറിക്കുഴമ്പ്

വട്ടച്ചൊറിക്കു ഒന്നാന്തരം. പത്തുലക്ഷം പെട്ടികൾ ഉണ്ടാക്കിയിരിക്കുന്നു. ഒരു ഡെപ്പിക്കു് ക ന—ഫ൨—ം.

# പല്ലുപൊടി

പല്ലുകൾ ശുദ്ധിവരുത്തുക, രക്തംവരുന്നതു നിറുത്തുക മുതലായി പല്ലിനെ സംബന്ധിക്കുന്ന എല്ലാ രോഗങ്ങളും മാററി, വാസ്സ രുചി കൊടുക്കും. ഡെപ്പിക്കു ൨ ണ. ഒരു ഡസനു കഫ—൨—ം.

# മോഹിനിതൈലം

നല്ലവാസന. നല്ല തണുപ്പ്. മുടിവളരാൻ ഒന്നാന്തരം. ഒരു കുപ്പിക്കു ക ൦—ഫ൨—൦

കാപ്പാറിൽ ഒന്നാംക്ലാസ് സബ്ജഡ്ജിയായ ആർ. ആർ. ഗങ്ങോളി എഴുതുന്നു:—

"നിങ്ങളുടെ അമൃതാഞ്ജനം പരീക്ഷിച്ചതിൽ അതു, തലവേദനയ്ക്കും, വാതത്തിനും, മൂലക്കുരുവിനും, ജലദോഷത്തിനും കുരക്കും പററിയതെന്നു ഞാൻ കണ്ടിരിക്കുന്നു."

**AMRUTANJAN DEPOT.,**

109 ERERE ROAD, BOMBAY

7 THA MBU CHETTY STREET, MADRAS

# വിശേഷപ്പെട്ട കുന്തളതൈലം

മണിതൈലം.

ഈ തൈലം വളരെ സുഗന്ധമേറിയതും, ശരീരത്തെ പോഷിപ്പിക്കയും തലയെ തണുപ്പിക്കയും ചെയ്യുന്നതുമാകുന്നു. ഇതു ദിവസേന ഉപയോഗിച്ചാൽ ക്ഷീണിച്ചശരീരത്തിന്നു ശക്തിയും വീര്യവും ഉണ്ടാക്കിതീക്കും. ചെറുപ്പക്കാരുടെമുഖത്തുണ്ടാകുന്ന മുഖക്കൽ മുതലായത് ഇതു തേച്ചാൽ ഉടനെപോയ്പോകും ഈ തൈലം അനേകം സസ്യങ്ങളിൽനിന്നു ശാസ്ത്രപ്രകാരം തെയ്യാറു ചെയ്തിട്ടുള്ളതാകുന്നു. മററു തൈലങ്ങളെപ്പോലെ, ഈ തൈലത്തിൽ സാധാരണ വെളിച്ചെണ്ണയെം, മററു എണ്ണകളെം കലൎന്നിട്ടില്ല. ഇത് ഉപയോഗിച്ചാൽ പകരുന്ന വ്യാധികൾ അത്രവേഗത്തിൽ പിടിക്കയില്ല. ഒരു തവണ ഉപയോഗിച്ചാൽ അതിന്റെ ശരിയായ ഗുണം അറിയാവുന്നതാകുന്നു.

5 തോല തൈലമുള്ള കുപ്പിക്കൊന്നിന്നു വില 1—0—0

വൈദ്യശാസ്ത്രി,

മണിശങ്കർ ഗോവിന്ദജീ

ആതങ്കനിഗ്രഹവൈദ്യശാല

157—158 ബ്രോഡ്വെ മദിരാശി.


ഈ മാസികയുടെ പേർകാണിച്ച, കത്തുകളെല്ലാം ഇംഗ്ലീഷിൽ എഴുതുക.